2024 OCTOBER
08
TUESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# ഇന്ത്യയുടെ സാമ്പത്തിക സഹായങ്ങൾക്ക് നന്ദി അറിയിച്ച് മാലദ്വീപ് പ്രസിഡന്റ് മുയിസു

**ന്യൂഡൽഹി:** ഇന്ത്യൻ സർക്കാരിന്റെ സാമ്പത്തിക സഹായങ്ങൾക്ക് നന്ദി അറിയിച്ച് മാലദ്വീപ് പ്രസിഡൻറ് മുഹമ്മദ് മുയിസു. 400 മില്യൺ ഡോളറിന്റെ ബൈലാറ്ററൽ കറൻസി സ്വാപ് കരാറിന് പുറമെ 30 ബില്യൺ രൂപയുടെ (360 മില്യൺ ഡോളർ) സാമ്പത്തിക സഹായവും ഇന്ത്യ പ്രഖ്യാപിച്ചതിന് പിന്നാലെയാണ് മുയിസുവിന്റെ നന്ദി പ്രകടനം.



പ്രധാനമന്ത്രി നരേന്ദ്ര മോദിയും മുയിസുവും ഇന്ന് ഡൽഹിയിലെ ഹൈദരാബാദ് ഹൗസിൽ ചർച്ചകൾ നടത്തിയിരുന്നു. ചർച്ചയ്ക്ക് പിന്നാലെ, സാമ്പത്തിക ഞെരുക്കം അനുഭവിക്കുന്ന മാലദ്വീപിന് 100 ദശലക്ഷം യുഎസ് ഡോളറിന്റെ ട്രഷറി ബില്ലുകൾ അനുവദിച്ചിരുന്നു. കൂടാതെ 400 മില്യൺ ഡോളറിന്റെയും 3,000 കോടി രൂപയുടെയും കറൻസി സ്വാപ്പ് കരാറിൽ ഇരുപക്ഷവും ഒപ്പുവച്ചു.

മാലിദ്വീപിലെ ജനങ്ങളുടെ മുൻഗണനകൾക്കാണ് ഇന്ത്യ എപ്പോഴും പരിഗണന നൽകുന്നതെന്ന് പ്രധാനമന്ത്രി മോദി വ്യക്തമാക്കി. 'വികസന പങ്കാളിത്തം ഇന്ത്യമാലദ്വീപ് ബന്ധത്തിന്റെ പ്രധാന സ്തംഭമാണ്. മാലദ്വീപിലെ ജനങ്ങൾക്കാണ് ഞങ്ങൾ എപ്പോഴും മുൻഗണന നൽകുന്നത്.

ഈ വർഷം എസ്ബിഐ ട്രഷറി ബെഞ്ചിന്റെ 100 ദശലക്ഷം ഡോളർ റോൾഓവർ ചെയ്തു. മാലദ്വീപിന്റെ ആവശ്യാനുസരണം 400 ദശലക്ഷം ഡോളറിന്റെയും 3000 കോടി രൂപയുടെയും കറൻസി കൈമാറ്റ കരാറും ഒപ്പുവച്ചുവെന്നും' മോദി പറഞ്ഞു.

മാലദ്വീപിന്റെ ഹനിമാധൂ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവേയും ഇരുനേതാക്കളും ഉദ്ഘാടനം ചെയ്തു. മാലിദ്വീപിൽ റുപേ കാർഡും ഇരുവരുടെയും സാന്നിധ്യത്തിൽ അവതരിപ്പിച്ചു. ഇന്ത്യയെയും മാലിദ്വീപിനെയും യുപിഐ വഴി വരും കാലങ്ങളിൽ ബന്ധിപ്പിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു.

സമുദ്ര രംഗത്തെ സുരക്ഷയടക്കം വിഷയങ്ങളിൽ ഇരു രാജ്യങ്ങളും സഹകരിച്ച് നീങ്ങും. മാലിദ്വീപിലെ ജനങ്ങളുടെ ക്ഷേമത്തിനും പുരോഗതിക്കും ഇന്ത്യ പ്രതിജ്ഞാബദ്ധമാണ്. ബെംഗളൂരുവിൽ പുതിയ മാലിദ്വീപ് കോൺസുലേറ്റ് തുറക്കുന്നത് സംബന്ധിച്ച് ചർച്ച നടത്തിയെന്നും മോദി പറഞ്ഞു. മാലിദ്വീപ് പ്രസിഡന്റ് മുഹമ്മദ് മുയിസുവുമായി നടത്തിയ ചർച്ചയ്ക്ക് ശേഷം സംയുക്ത പ്രസ്താവനയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കോവിഡ് സമയത്ത് വാക്സിൻ അല്ലെങ്കിൽ കുടിവെള്ളം തുടങ്ങി അവശ്യ സാമഗ്രികൾ എത്തിക്കുന്നതിലൂടെ ഇന്ത്യ എപ്പോഴും നല്ല അയൽക്കാരനായി വർത്തിച്ചിട്ടുണ്ട്. മോദി പറഞ്ഞു. മാലദ്വീപിൽ ഇന്ത്യയുടെ സഹകരണത്തോടെ നിർമിച്ച വിമാനത്താവളത്തിന്റെ ഉദ്ഘാടനം നടന്നതായും എഴുന്നൂറോളം സാമൂഹിക ഭവന യൂണിറ്റുകൾ ഇന്ത്യ കൈമാറിയതായും മാലദ്വീപിൽ പുതിയ തുറമുഖത്തിന്റെ നിർമാണത്തിനുള്ള പിന്തുണ നൽകുന്നതിനുള്ള പദ്ധതിയുണ്ടെന്നും മോദി അറിയിച്ചു. മാലദ്വീപിൽ അടുത്തിടെ പ്രവർത്തനക്ഷമമായ കുടിവെള്ളപദ്ധതിയെ കുറിച്ചും മോദി പരാമർശിച്ചു. ആ പദ്ധതിയിലൂടെ 28 ദ്വീപുകളിലെ 30,000ലധികം ജനങ്ങൾക്ക് ശുദ്ധവെള്ളം ലഭിക്കുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# ആറാം ദിനവും തകർന്നടിഞ്ഞ് ഇന്ത്യൻ ഓഹരികൾ

**കൊച്ചി:** ഇന്ത്യൻ ഓഹരി സൂചികകൾ തുടർച്ചയായ ആറാം ദിവസവും തകർന്നടിഞ്ഞു. പശ്ചിമേഷ്യയിലെ രാഷ്ട്രീയ സംഘർഷങ്ങളും വിദേശ നിക്ഷേപകരുടെ പിന്മാറ്റവും ക്രൂഡോയിൽ വില വർധനയുമാണ് നിക്ഷേപകർക്ക് ആശങ്ക സൃഷ്ടിച്ചത്. നേട്ടത്തോടെ വ്യാപാരം തുടങ്ങിയ ഓഹരി വിപണി നിക്ഷേപകരുടെ പിന്തുണ ലഭിക്കാത്തതിനാൽ ഉച്ചയ്ക്ക് ശേഷം കടുത്ത സമ്മർദ്ദം നേരിട്ടു.

ബോംബെ ഓഹരി സൂചിക സെൻസെക്സ് 638.5 പോയിൻറ് തകർച്ചയോടെ 81,050ൽ അവസാനിച്ചു. ദേശീയ സൂചികയായ നിഫ്റ്റി 218.85 പോയിൻറ് നഷ്ടത്തോടെ 24,795.75ൽ എത്തി. ചെറുകിട, ഇടത്തരം കമ്പനികളുടെ ഓഹരികൾ കുത്തനെ ഇടിഞ്ഞു. വിദേശ ഫണ്ടുകൾ ഇന്ത്യയിൽ നിന്ന് പണം ചൈനയിലേക്ക് ഒഴുക്കുന്നതാണ് പ്രധാന വെല്ലുവിളി. ഒക്റ്റോബറിൽ ഇതുവരെ വിദേശ ധനകാര്യ സ്ഥാപനങ്ങൾ 30,718 കോടി രൂപയുടെ ഓഹരികളാണ് വിറ്റൊഴിച്ചത്.

ഐടി ഒഴികെയുള്ള പ്രധാന മേഖലകളിലെ ഓഹരികളെല്ലാം തിങ്കളാഴ്ച വില്പന സമ്മർദ്ദം നേരിട്ടു. ബാങ്കിങ്, ധനകാര്യ, ഇന്ധന, മീഡിയ മേഖലകളിലെ ഓഹരികളാണ് തകർച്ചയ്ക്ക് നേതൃത്വം നൽകിയത്. ഇതിനിടെ സുരക്ഷിതത്വം തേടി നിക്ഷേപകർ സജീവമായതോടെ ആഗോള വിപണിയിൽ സ്വർണ വില മുകളിലേക്ക് നീങ്ങി. പശ്ചിമേഷ്യയിലെ യുദ്ധ സാഹചര്യം ശക്തമായതോടെ ദേശീയ വിപണിയിൽ സ്വർണ വില പത്ത് ഗ്രാമിന് 250 രൂപ വർദ്ധിച്ച് 78,700 രൂപയിലെത്തി. ഉത്സവകാലയളവിന് മുന്നോടിയായി ജ്വല്ലറികളുടെ വാങ്ങൽ താത്പര്യം കൂടിയതും അനുകൂലമായി. ഓഹരി വിപണിയിലെ തകർച്ച മൂലം ആഭ്യന്തര നിക്ഷേപകർ സ്വർണത്തിലേക്ക് നീങ്ങിയതും വില കൂടാൻ കാരണമായി. രാജ്യാന്തര വിപണിയിൽ സ്വർണ വില ഔൺസിന് 2,672 ഡോളറിലായി. സംസ്ഥാനത്ത് സ്വർണം പവന് വില 160 രൂപ കുറഞ്ഞ് 56,800 രൂപയിലെത്തി. ഗ്രാമിന് 20 രൂപയും കുറഞ്ഞു. ഇറാൻറെ എണ്ണപ്പാടങ്ങളിൽ ഇസ്രയേൽ ആക്രമണം നടത്തിയേക്കുമെന്ന ആശങ്കയിൽ ആഗോള വിപണിയിൽ ക്രൂഡോയിൽ വില ബാരലിന് 80 ഡോളറിന് അടുത്തെത്തി. യുഎസ് ക്രൂഡ് വില 76 ഡോളറിലെത്തി. ഇറാനൽ ആക്രമണം നടന്നാൽ എണ്ണയുടെ സപ്ളൈ ശൃംഖലയിൽ വിള്ളൽ വീഴുമെന്ന ആശങ്ക ശക്തമാണ്.

# ഭൂജല സെൻസസുമായി ജലവിഭവ വകുപ്പ്; ജലശ്രോതസ്സുകളുടെ വിവരം ശേഖരിക്കും

**തിരുവനന്തപുരം:** സംസ്ഥാനത്തെ ഭൂജല സ്രോതസ്സുകളുടെ വിവര ശേഖരണത്തിനായി 'വെൽ സെൻസസ്' നടപ്പിലാക്കാൻ തീരുമാനിച്ചതായി മന്ത്രി റോഷി അഗസ്റ്റിൻ. ഭൂജല വകുപ്പ് കുടുംബശ്രീ അംഗങ്ങൾ മുഖേന വീടുകളിൽ എത്തിയാകും സെൻസസ് എടുക്കുക. വീടുകളിൽ എത്തുന്ന സെൻസസ് പ്രവർത്തകർക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതിനൊപ്പം പൊതുജനങ്ങളുടെ പൂർണ സഹകരണം ഇക്കാര്യത്തിൽ ഉണ്ടാകണമെന്നും മന്ത്രി അഭ്യർഥിച്ചു. പദ്ധതിയിലൂടെ സംസ്ഥാനത്തെ മുഴുവൻ കിണറുകൾ, കുഴൽ കിണറുകൾ, കുളങ്ങൾ, നീരുറവകൾ എന്നിങ്ങനെ എല്ലാവിധ ഭൂജല സ്രോതസ്സുകളുടെയും സ്ഥാനം, തരം, ആഴം, ജല ലഭ്യത, ഉപയോഗം മണ്ണിന്റെ ഘടന തുടങ്ങിയ വിവരങ്ങളാണ് ശേഖരിക്കുന്നത്. രണ്ടു ഘട്ടങ്ങളിലായാകും പദ്ധതി പൂർത്തിയാക്കുക.

ആദ്യഘട്ടത്തിൽ തിരഞ്ഞെടുക്കപ്പെട്ട 93 ബ്ലോക്കുകളിലാണ് സെൻസസ് നടപടികൾ ആരംഭിക്കുന്നത്. പ്രത്യേകം പരിശീലനം സിദ്ധിച്ച കുടുംബശ്രീ പ്രവർത്തകർ വഴി 'നീരറിവ്' എന്ന മൊബൈൽ ആപ്പ് ഉപയോഗിച്ചാണ് വിവരങ്ങൾ ശേഖരിക്കുന്നത്. കൃത്യമായ വിവരങ്ങൾ നൽകുന്നതു വഴി ഭാവിയിൽ ഭൂജല വിഭവവുമായി ഉണ്ടാകാൻ സാധ്യതയുള്ള പ്രതിസന്ധികൾ മനസിലാക്കുന്നതിനും അവ പരിഹരിക്കുന്നതിനും നടപടികൾ സ്വീകരിക്കാൻ കഴിയും. കേരളത്തിന്റെ എല്ലാ പ്രദേശങ്ങളിലെയും ഭൂജല വിഭവ ശേഷി മനസ്സിലാകുവാനും വരൾച്ച സാധ്യതാ മേഖലകൾ കണ്ടെത്തി ശാസ്ത്രീയമായ ഭൂജല പദ്ധതികൾ ആവിഷ്കരിക്കുവാനും വരൾച്ചാ മുന്നൊരുക്ക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുവാനും, ശുദ്ധജല ലഭ്യത ഉറപ്പാക്കുവാനും ജലജന്യ രോഗങ്ങൾ തടയുവാനും സാധിക്കുമെന്നും മന്ത്രി പറഞ്ഞു.



# ദേശീയ മാസ്റ്റേഴ്സ് പവർലിഫ്റ്റിംഗ് ചാംപ്യൻഷിപ്പ്: ടിജോ തോമസ് ചാംപ്യൻ


ടിജോ തോമസ്

കൊച്ചി: മൂന്നാമത് ദേശീയ മാസ്റ്റേഴ്സ് പവർലിഫ്റ്റിംഗ് ചാംപ്യൻഷിപ്പിൽ 35 വയസിന് മുകളിലുള്ളവരുടെ 66 കിലോ വിഭാഗത്തിൽ കേരളത്തെ പ്രതിനിധീകരിച്ച് പങ്കെടുത്ത എറണാകുളം സ്വദേശി ടിജോ തോമസ് ചാംപ്യനായി. പാൻ ഇന്ത്യ മാസ്റ്റേഴ്സ് ഗെയിംസ് ഫെഡറേഷന്റെ നേതൃത്വത്തിൽ കർണാടക ദേവങ്കരയിലായിരുന്നു ചാംപ്യൻഷിപ്പ് നടന്നത്. പവർ ലിഫ്റ്റിംഗിൽ നിരവധി തവണ ജേതാവായിട്ടുള്ള ടിജോ തോമസ് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി പച്ചാളം യൂണിറ്റ് ട്രഷർ കൂടിയാണ്.

# വെറ്ററിനറി ഡോക്ടർ, ഡ്രൈവർ കം അറ്റന്റന്റ് ഇന്റർവ്യൂ ഇന്ന്

**കൊച്ചി:** സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ എറണാകുളം ജില്ലയിൽ മൊബൈൽ വെറ്ററിനറി യൂണിറ്റ് പദ്ധതിയിൽ ഊന്നുകൽ, മുളന്തുരുത്തി, ബ്ലോക്കുകളിൽ കരാർ അടിസ്ഥാനത്തിൽ പൂർണ്ണമായും താൽക്കാലികമായി, നിയമനം പൂർത്തീകരിക്കുവാനെടുക്കുന്ന കാലഘട്ടത്തിലേക്ക് പരമാവധി 89 ദിവസത്തേയ്ക്ക് നിലവിലുള്ള ഒഴിവുകളിലും ഒക്ടോബർ, നവംബർ മാസങ്ങളിൽ ഉണ്ടാകുന്ന ഒഴിവുകളിലേക്കും വെറ്ററിനറി സർജൻ, ഡ്രൈവർ കം അറ്റന്റന്റ് എന്നീ തസ്തികളിലേക്ക് ജോലി ചെയ്യാൻ താൽപര്യമുള്ള ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതായുള്ള ഇന്റർവ്യൂ ഇന്ന് നടക്കും.

## വെറ്ററിനറി ഡോക്ടർ ഒഴിവ് 2

(യോഗ്യത BVSc & AH ബിരുദവും കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിലിന്റെ രജിസ്ട്രേഷനും, ക്ലിനിക്കൽ ഒബ്സ്ട്രെറ്റിക്സ് ആന്റ് ഗൈനക്കോളജി, ക്ലിനിക്കൽ മെഡിക്കൽ സർജറി എന്നിവയിൽ ബിരുദാന്തര ബിരുദം വേതനം 56,100/ രൂപ പ്രതിമാസം. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ ഇന്ന് (8) തിയതി രാവിലെ 11.00 മുതൽ 1 വരെ ബയോഡാറ്റയും കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിലിൽ രജിസ്ട്രേഷൻ നേടിയിട്ടുള്ള വെറ്ററിനറി ബിരുദധാരികൾ യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളും സഹിതം എറണാകുളം, സൗത്ത്, ക്ലബ് റോഡിലെ ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ വാക്ക് ഇൻ ഇന്റർവ്യൂവിന് ഹാജരാക്കേണ്ടതാണ്.

## ഡ്രൈവർ കം അറ്റന്റന്റ് ഒഴിവ് 1

(യോഗ്യത ലൈറ്റ് വെഹിക്കിൾ ലൈസൻസ്, മൃഗചികിത്സകൾക്ക് വെറ്ററിനറി ഡോക്ടറെ സഹായിക്കുന്നതിനായി കായികാധ്വാനം ആവശ്യമുള്ള ജോലികൾ നിർവ്വഹിക്കുന്നതിനാവശ്യമായ ശാരീരികക്ഷമത, മൃഗങ്ങളെ പരിപാലനം ചെയ്യുവാനുള്ള പരിചയം. ആംബുലൻസ് വാഹനം ഓടിച്ച് പരിചയമുള്ളവർക്കും, മുളന്തുരുത്തി ബ്ലോക്കിലുള്ളവർക്കും മുൻഗണനന) പ്രതിമാസ വേതനം 18,000/ രൂപ. ഡ്രൈവർ കം അറ്റന്റന്റ് തസ്തികയിലേക്ക് തെരഞ്ഞെടുക്കന്നതിനുള്ള വാക്കിംഗ് ഇന്റർവ്യു ഇന്ന് (8) തിയതി ഉച്ചയ്ക്ക് 2.30 ന് എറണാകുളം, സൗത്ത്, ക്ലബ് റോഡിലെ ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ വാക്ക് ഇൻ ഇന്റർവ്യൂ നടത്തും. ഉദ്യോഗാർത്ഥികൾ ബയോഡാറ്റയും യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളും സഹിതം ഇന്റർവ്യുവിന് ഹാജരാക്കേണ്ടതാണ്.

# അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേരള മീഡിയ അക്കാദമി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്യൂണിക്കേഷൻ ഡയറക്ടർ തസ്തികയിലേയ്ക്ക് കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ സ്വീകരിക്കുന്ന അവസാന തിയതി ഒക്ടോബർ 22 വൈകിട്ട് അഞ്ചു വരെ. വിശദ വിവരങ്ങളും അപേക്ഷാഫോറവും www.keralamediaacademy.org വെബ്സൈറ്റിൽ ലഭിക്കും. പൂരിപ്പിച്ച അപേക്ഷ നേരിട്ടോ തപാൽ മാർഗമോ സമർപ്പിക്കാം. അടിസ്ഥാന യോഗ്യത ഏതെങ്കിലും വിഷയത്തിൽ ബിരുദാനന്തര ബിരുദവും, പ്രശസ്ത അച്ചടി, ഇലക്ട്രോണിക് മാധ്യമത്തിൽ കുറഞ്ഞത് 20 വർഷത്തെ പ്രവൃത്തി പരിചയവും. അഭിലഷണീയ യോഗ്യത: ജേണലിസത്തിൽ ബിരുദാനന്തര ബിരുദം, ഗവേഷണ ബിരുദം, മാധ്യമ സംബന്ധിയായ അക്കാദമിക് കൃതികളുടേയോ പ്രബന്ധങ്ങളുടേയോ രചന, ജേണലിസം അധ്യാപന രംഗത്തെ പരിചയം. പ്രതിമാസ വേതനം 50,000 രൂപ. കുറഞ്ഞ പ്രായ പരിധി 40 വയസ്. അപേക്ഷ അയക്കേണ്ട വിലാസം സെക്രട്ടറി, കേരള മീഡിയ അക്കാദമി, സീപോർട്ട് എയർപോർട്ട് റോഡ്, കാക്കനാട്, കൊച്ചി682030.



മാർഗ്ഗദർശക മണ്ഡലം എക്സിക്യൂട്ടിവ് സമിതി യോഗം കൊട്ടാരക്കര സദാനന്ദാപുരം അവധൂതാശ്രമം മഠാധിപതി ചിദാനന്ദ ഭാരതി സ്വാമികൾ ഉദ്ഘാടനം ചെയ്യുന്നു. സ്വാമി പ്രജ്ഞാനാനന്ദ തീർത്ഥപാദർ , സ്വാമി സത്സ്വരൂപാനന്ദ സരസ്വതി, സ്ഥാണുമാലയൻ, നാഗരാജ് , കേശവരാജു, വി. ആർ രാജശേഖരൻ തുടങ്ങിയവർ സമീപം

# ക്ഷേത്രങ്ങളിൽ ഉപയോഗിക്കുന്ന പുജാദ്രവ്യങ്ങൾ ശുദ്ധമാകണം: മാർഗ്ഗ ദർശക മണ്ഡലം

**കൊച്ചി:** ക്ഷേത്രങ്ങളിൽ ഉപയോഗിക്കുന്ന പൂജാദ്രവ്യങ്ങളും പുഷ്പങ്ങളും ശുദ്ധമായിരിക്കണമെന്ന് കേരളത്തിലെ സന്യാസി സമൂഹത്തിന്റെ പരമാധികാര സഭയായ മാർഗ്ഗദർശക മണ്ഡലം എക്സിക്യൂട്ടിവ് സമിതി യോഗം ദേവസ്വം ബോർഡുകളോടും ക്ഷേത്ര സമിതികളോടും ആവശ്യപ്പെട്ടു.

പൂജാദ്രവ്യങ്ങളുടെ ഗുണനിലവാരവും ദേവചൈതന്യവും പരസ്പരം ബന്ധപ്പെട്ടതാണ്. തിരുപ്പതി ക്ഷേത്രത്തിലും ശബരിമലയിലും ഉണ്ടായ പ്രശ്നങ്ങൾ ആവർത്തിക്കാതിരിക്കാൻ കൃത്യമായ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പു വരുത്തണം. ക്ഷേത്രസമിതികൾ ഗോശാലകൾ സ്ഥാപിക്കണമെന്നും യോഗം ആവശ്യപ്പെട്ടു. സനാതന ധർമ്മ പ്രവർത്തനം വ്യാപകമാക്കാൻ കുടുംബയോഗങ്ങളും സന്യാസി യാത്ര നടത്താനും അടുത്ത വർഷം പ്രയാഗരാജിൽ നടക്കുന്ന കുംഭമേളയിൽ കേരളത്തിൽ നിന്ന് പ്രതിനിധികളെ പങ്കെടുപ്പിക്കാനും യോഗം തീരുമാനിച്ചു .

തിരുനക്കര വിശ്വ ഹിന്ദു പരിഷത്ത് കാര്യാലയത്തിൽ നടന്ന യോഗം കൊട്ടാരക്കര സദാനന്ദാപുരം അവധൂതാശ്രമം മഠാധിപതി ചിദാനന്ദ ഭാരതി സ്വാമികൾ ഉദ്ഘാടനം ചെയ്തു. സ്വാമി ചിദാനന്ദപുരി, സ്വാമി പ്രജ്ഞാനാനന്ദ തീർത്ഥപാദർ , അധ്യാത്മാനന്ദസരസ്വതി, സ്വാമി സത്സ്വരൂപാനന്ദ സരസ്വതി, വേദാമൃതാനന്ദപുരി, അമൃതാനന്ദ ഭാരതി, അയ്യപ്പദാസ് സ്വാമി, ബ്രഹ്മസ്വരൂപാനന്ദ, സുധീർ ചൈതന്യ, കൃഷ്ണ പൂർണിമാമയി തീർത്ഥ, ബ്രഹ്മപാദാനന്ദസരസ്വതി, പ്രണവാനന്ദ സരസ്വതി, ആനന്ദ ചൈതന്യ, ദേവചൈതന്യാനന്ദ സരസ്വതി, വിശുദ്ധാനന്ദപുരി, വീതസംഗാനന്ദ സ്വാമിജി, വിഷ്ണുപ്രിയാനന്ദ സരസ്വതി, ശിവാനന്ദ തീർത്ഥ, ദർശനാനന്ദ സംസ്വതി, വിദ്യാനന്ദ സരസ്വതി, ദയാനന്ദ സരസ്വതി, ദേശീയ ജോയിന്റ്. ജനറൽ സെക്രട്ടറി സ്ഥാണുമാലയൻ, ദേശീയ ജോ. സെക്രട്ടറി നാഗരാജ് , ക്ഷേത്രീയ സംഘടന സെക്രട്ടറി കേശവരാജു, സംസ്ഥാന ജനറൽ സെക്രട്ടറി വി ആർ രാജശേഖരൻ, സംസ്ഥാന ജോയിന്റ്. സെക്രട്ടറിമാരായ അഡ്വക്കേറ്റ് അനിൽ വിളയിൽ, എം കെ ദിവാകരൻ, ധർമ്മാചാര്യ സമ്പർക്ക് പ്രമുഖ് പി.എൻ. വിജയൻ, സത്സംഗ പ്രമുഖ് ഓമനക്കുട്ടൻ തുടങ്ങിയവർ സംസാരിച്ചു.



# മഴക്കുറവ്; ശീതകാല പച്ചക്കറി കേന്ദ്രങ്ങൾ വരൾച്ചയിലേക്ക്

**മറയൂർ :** ശീതകാല പച്ചക്കറികളുടെ വിളനിലമായ വട്ടവടയിലും കാന്തല്ലൂരിലും മഴക്കുറവ് കർഷകർക്ക് തിരിച്ചടിയാകുന്നു. കഴിഞ്ഞ ഒന്നരമാസമായി മേഖലയിൽ കാര്യമായി മഴ ലഭിച്ചിട്ടില്ല. ഇനിയും മഴ ലഭിക്കാതിരുന്നാൽ കാർഷിക മേഖല പ്രതിസന്ധിയിലാകുമെന്നു കർഷകർ പറയുന്നു. മഴയുടെ ലഭ്യതയിൽ കുറവോ കൂടുതലോ വന്നാലും കാന്തല്ലൂർ, വട്ടവട മേഖലകളിൽ കാർഷികവൃത്തിയാകെ താളം തെറ്റും. കഴിഞ്ഞ ഏതാനും ആഴ്ചകളായി വട്ടവട മേഖലയിൽ ഉണ്ടായിട്ടുള്ള മഴയുടെ ലഭ്യതക്കുറവാണ് ഇപ്പോൾ കർഷകരെ പ്രതിസന്ധിയിലാക്കുന്നത്.

അടുത്ത വിനോദ സഞ്ചാര സീസൺ ലക്ഷ്യമിട്ട് കർഷകർ സ്ട്രോബറി ഉൾപ്പെടെ കൃഷിയിറക്കുന്ന സമയമാണിത്. പക്ഷേ, കാര്യമായ മഴ ലഭിക്കാത്തതും ഉയർന്ന ചൂടും മൂലം ചിലയിടങ്ങളിൽ പച്ചക്കറികൾ ഉണങ്ങിത്തുടങ്ങി. മുൻപ് കനത്ത മഴയെത്തുടർന്ന് കൃഷിയിറക്കിയ പച്ചക്കറികൾ ചീഞ്ഞു പോകുന്ന സ്ഥിതിയും ഉണ്ടായിട്ടുണ്ട്. ഇതിനു ശേഷമാണ് ഇപ്പോൾ ഉയർന്ന ചൂടും മഴക്കുറവും തിരിച്ചടിയാകുമോ എന്ന ആശങ്ക കർഷകർ പങ്കുവയ്ക്കുന്നത്. തുലാവർഷം ശക്തമാകുന്നതോടെ വട്ടവടയിലും മഴ ലഭിക്കുമെന്ന പ്രതീക്ഷയിലാണ് കർഷകർ.

# കേരളത്തിന്റെ പൊതുവിദ്യാഭ്യാസ രംഗം രാജ്യത്തിന് മാതൃക: മുഖ്യമന്ത്രി

**തിരുവനന്തപുരം:** പൊതുവിദ്യാഭ്യാസ സംരക്ഷണ യഞ്ജത്തിലൂടെയും തുടർന്നുള്ള വിദ്യാകിരണം പദ്ധതിയിലൂടെയും കേരളത്തിന്റെ പൊതു വിദ്യാഭ്യാസ രംഗം രാജ്യത്തിന് മാതൃകയായെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

സംസ്ഥാനത്തെ സ്കൂളുകളിൽ നിർമിച്ച പുതിയ ഹൈടെക് കെട്ടിട സമുച്ചയങ്ങളുടെയും സ്മാർട്ട് ക്ലാസുകളുടെയും ഉദ്ഘാടനം ശ്രീകാര്യം ജി എച്ച് എസിൽ നടന്ന ചടങ്ങിൽ നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി.

2022 ൽ കേന്ദ്ര സർക്കാർ പുറത്തുവിട്ട കണക്കുകൾ പ്രകാരം കേരളത്തിൽ 60 ലക്ഷത്തോളം കുട്ടികളാണ് സ്കൂൾവിദ്യാഭ്യാസം നടത്തേണ്ട പ്രായത്തിലുള്ളത്. അതിൽ 45 ലക്ഷത്തോളം കുട്ടികൾ സർക്കാർഎയ്ഡഡ് വിദ്യാലയങ്ങളിൽ പഠിക്കുന്നവരാണ്. അതായത്, 80 ശതമാനത്തോളം കുട്ടികൾ പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗമാണ്. പൊതുവിദ്യാഭ്യാസ രംഗത്തെ ഈ വമ്പിച്ച പങ്കാളിത്തം നമ്മുടെ വിദ്യാഭ്യാസ മാതൃകയുടെ ഉന്നത നിലവാരത്തിന്റെ ദൃഷ്ടാന്തമാണ്.

10.51 കോടി രൂപ ചെലവഴിച്ചാണ് നിലവിൽ പദ്ധതി പൂർത്തിയാക്കിയിരിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ നൂറ് ദിന കർമപരിപാടിയുടെയും നവകേരളം കർമ്മ പദ്ധതി കക വിദ്യാകിരണം മിഷന്റെ ഭാഗമായി കിഫ്ബി, പ്ലാൻഫണ്ട്, മറ്റു ഫണ്ടുകൾ എന്നിവ പ്രയോജനപ്പെടുത്തിയാണ് പുതിയതായി 30 സ്കൂൾ കെട്ടിടങ്ങൾ നിർമിച്ചത്. മുന്ന് 3 കോടി കിഫ്ബി ധനസഹായത്തോടെ 8 സ്കൂൾ കെട്ടിടങ്ങളും 1 കോടി കിഫ്ബി ധനസഹായത്തോടെ 12 സ്കൂൾ കെട്ടിടങ്ങളും പ്ലാൻ ഫണ്ടും മറ്റു ഫണ്ടുകളും പ്രയോജനപ്പെടുത്തി 10 സ്കൂൾ കെട്ടിടങ്ങളുമാണ് നിർമിച്ചത്. 12 പുതിയ സ്കൂൾ കെട്ടിടങ്ങൾക്ക് തറക്കല്ലിടുകയും ചെയ്തു. 8 വർഷം മുമ്പുള്ള അവസ്ഥയല്ല പൊതുവിദ്യാലയങ്ങൾക്ക് ഇന്നുള്ളത്.

പൊതുവിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളും ഗുണനിലവാരവും മെച്ചപ്പെടുത്തി എല്ലാ വിഭാഗം വിദ്യാർഥികൾക്കും പഠന സൗകര്യമൊരുക്കി. സ്വകാര്യ വിദ്യാലയങ്ങളുടെ ഉയർന്ന ഫീസും വിദ്യാഭ്യാസ ചെലവും സാധാരണക്കാരന് അപ്രാപ്യമാണെന്ന തിരിച്ചറിവിലാണ് സംസ്ഥാന സർക്കാർ നിലപാട് സ്വീകരിച്ചത്. രാജ്യത്താകമാനം സാർവത്രിക വിദ്യാഭ്യാസം ലഭ്യമാണെങ്കിലും അത് പൂർണമായ അർത്ഥത്തിൽ നടപ്പിലാക്കിയ സംസ്ഥാനം കേരളമാണ്.

ഇത്തവണത്തെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി ഇതിനോടകം പട്ടയ വിതരണവും റോഡുകളുടെ ഉദ്ഘാടനവും ഒക്കെ നടന്നിട്ടുണ്ട്. 456 റേഷൻ കടകളെ കെസ്റ്റോറുകളാക്കി ഉയർത്തി. 37 സ്മാർട്ട് വില്ലേജ് ഓഫീസുകൾ ഉദ്ഘാടനം ചെയ്യപ്പെടാനുണ്ട്. ലൈഫ് മിഷനിലൂടെ നിർമ്മിച്ച 10,000 വീടുകൾ കൈമാറാനുണ്ട്. ഇത്തരത്തിൽ വികസനവും ക്ഷേമവും ഉറപ്പുവരുത്തുന്ന നിരവധി ഇടപെടലുകളാണ് 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി നടത്തുന്നത്.

കേരളത്തിലാകെ 973 സ്കൂൾ കെട്ടിടങ്ങളാണ് കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്നത്. 2,500 കോടിയോളം രൂപയാണ് അതിനായി ചെലവഴിക്കുന്നത്. 508 കെട്ടിടങ്ങൾ ഇതുവരെ പൂർത്തിയായി. പൊതുവിദ്യാഭ്യാസ മേഖലയുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി ഏതാണ്ട് 4,500 കോടിയോളം രൂപ കഴിഞ്ഞ എട്ട് വർഷം കൊണ്ട് ചെലവഴിച്ചിട്ടുണ്ട്. കേരളത്തിലെമ്പാടും ഉള്ള പൊതുവിദ്യാലയങ്ങളിൽ ഇതു വഴിയുണ്ടാകുന്ന മാറ്റങ്ങൾ ദൃശ്യമാണ്.

സ്കൂളുകളുടെ അടിസ്ഥാനസൗകര്യ വികസനം മാത്രം സാധ്യമാക്കിയാൽ പോരാ ലോക വൈജ്ഞാനിക ശൃംഖലയുടെ ഭാഗമാകാൻ കഴിയുന്ന വിധത്തിൽ നമ്മുടെ വിദ്യാർത്ഥികളെ പ്രാപ്തരാക്കേണ്ടതുണ്ട്. അതിനുതകുന്ന വിധത്തിൽ കുട്ടികളുടെ ശേഷികൾ വികസിപ്പിക്കുന്നതിനുള്ള ഇടപെടലുകൾ അധ്യാപകരുടെ ഭാഗത്തുനിന്ന് ഉണ്ടാവണം. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി അധ്യക്ഷത വഹിച്ച ചടങ്ങിൽ കടകപള്ളി സുരേന്ദ്രൻ എം എൽ എ സ്വാഗതമാശംസിച്ചു. എ എ റഹീം എം പി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി സുരേഷ് കുമാർ, പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി റാണി ജോർജ്, പൊതുവിദ്യാഭ്യാസ ഡയറക്ടർ ഷാനവാസ് എസ്, കൈറ്റ് സി ഇ ഒ അൻവർ സാദത്ത്, എസ് സി ഇ ആർ ടി ഡയറക്ടർ ജയപ്രകാശ് ആർകെ എന്നിവർ സംബന്ധിച്ചു.

# കർഷകർക്ക് മികച്ച സാങ്കേതിക പരിശീലനം നൽകും: മന്ത്രി പി പ്രസാദ്

**തളിപ്പറമ്പ്:** മെച്ചപ്പെട്ട വിളവും ഉയർന്ന വിലയും ലഭിക്കുന്ന രീതിയിൽ കൃഷിയെ മാറ്റിയെടുക്കുന്നതിന് കർഷകർക്ക് സാങ്കേതിക പരിശീലനം നൽകുമെന്ന് കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് പറഞ്ഞു. തളിപ്പറമ്പ് ആർ.എ.റ്റി.റ്റി.സി യുടെ സ്മാർട്ട് ക്ലാസ്സ് റൂം ഉൾപ്പെടുന്ന കെട്ടിടത്തിന്റെയും കരിമ്പം ജില്ലാ ഫാമിന്റെ നബാർഡ് ആർ.ഐ.ഡി.എഫ് പദ്ധതി പ്രവൃത്തിയുടെയും ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

ആവശ്യമായ നടീൽ വസ്തുക്കൾ നൽകേണ്ടത് ഫാമിന്റെ ഉത്തരവാദിത്വമാണെന്നും ഫാമിലെ പരമാവധി സ്ഥലങ്ങൾ ഉപയോഗപ്പെടുത്തണമെന്നും മന്ത്രി പറഞ്ഞു. സസ്യങ്ങളെ ചികിത്സിക്കാനുള്ള ക്ലിനിക്കുകളായി ലബോറട്ടറികൾ പ്രവർത്തിക്കും. പച്ചക്കറി ഉൽപാദനത്തിൽ സംസ്ഥാനം സ്വയംപര്യാപ്തയിലേക്ക് എത്തേണ്ടതുണ്ടെന്നും മന്ത്രി പറഞ്ഞു.ജില്ലയിലെ 89 പഞ്ചായത്തുകളുടെയും സോയിൽ ഫെർട്ടിലിറ്റി സ്റ്റാറ്റസിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ജില്ലാ മണ്ണ് പരിശോധന കേന്ദ്രത്തിന്റെ സോയിൽ ഫെർട്ടിലിറ്റി മാപ്പ് മന്ത്രി പ്രകാശനം ചെയ്തു. പരിപാടിയിൽ മുതിർന്ന കർഷകർ ഉൾപ്പെടെയുള്ളവരെ ആദരിച്ചു.എം.വി ഗോവിന്ദൻ എംഎൽഎ അധ്യക്ഷനായി. പ്രിൻസിപ്പൽ കൃഷി ഓഫീസർ എം.എൻ പ്രദീപൻ റിപ്പോർട്ട് അവതരിപ്പിച്ചു.

പഞ്ചായത്ത് പ്രസിഡന്റ് പി.പി ദിവ്യ, ജില്ലാ പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺമാരായ യു.പി ശോഭ, അഡ്വ. കെ.കെ രത്നകുമാരി, തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സി.എം കൃഷ്ണൻ, കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി.എം സീന, കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ പി ലക്ഷ്മണൻ, കേരള കർഷക കടാശ്വാസ കമ്മീഷൻ അംഗം കെ.സി വിജയൻ, ആർ.എ.റ്റി.റ്റി.സി കൃഷി ഡെപ്യൂട്ടി ഡയറക്ടർ പി.കെ ബേബി റീന, കൃഷിവകുപ്പ് ജീവനക്കാർ, കർഷകർ, എന്നിവർ സംസാരിച്ചു.

## മൂല്യവർധിത കൃഷിയുടെയും മൂല്യ വിളകളുടെയും പ്രോത്സാഹനം ഉറപ്പാക്കും

**കണ്ണൂർ:** ഉന്നത മൂല്യമുള്ള വിളകളുടെയും മൂല്യവർധിത കൃഷിയുടെയും പ്രോത്സാഹനം ഉറപ്പാക്കുമെന്ന് കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് പറഞ്ഞു. കണ്ണൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ സാമ്പത്തിക സഹായത്തോടെ നിർമ്മിച്ച ബയോ കൺട്രോൾ ലബോറട്ടറിയുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. വിളകളുടെ ഉത്പ്പാദനക്ഷമത വർധിപ്പിക്കുന്നതിനോടൊപ്പം ഗുണമേന്മയുള്ള ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിലും കൃഷിവകുപ്പ് പ്രത്യേകം ശ്രദ്ധ ചെലുത്തുന്നുണ്ട്. ഇത്തരം പ്രവർത്തനങ്ങൾക്കായാണ് ബയോ കൺട്രോൾ ലബോറട്ടറികൾ നിർമ്മിക്കുന്നത്. സെക്കൻഡറി അഗ്രികൾച്ചറിന് പ്രാധാന്യം നൽകിക്കൊണ്ട് കർഷകനെ സഹായിക്കുന്ന നിലപാടാണ് കൃഷി വകുപ്പിനുള്ളതെന്നും മന്ത്രി പറഞ്ഞു. കാലാവസ്ഥ വ്യതിയാനം, കാട്ടുപന്നി, കീടങ്ങൾ ഉൾപ്പെടെയുള്ളവയുടെ ഉപദ്രവം എന്നിവയെല്ലാം കർഷകരെ ബാധിക്കുന്ന പ്രശ്നങ്ങളാണ്. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് മെച്ചപ്പെട്ട വിത്തിനങ്ങളും കീടനാശിനികളും നൽകി ഇത്തരം സാഹചര്യങ്ങളിൽ കർഷകനെ സഹായിക്കുന്നതിന് ലബോറട്ടറി സംവിധാനത്തിന് കഴിയുമെന്നും മന്ത്രി പറഞ്ഞു.

# ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സിസ്റ്റം മാനേജർ ഒഴിവ്

**തിരുവനന്തപുരം:** തിരുവനന്തപുരത്തെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ സിസ്റ്റം മാനേജർ തസ്തികയിലെ ഒരു ഒഴിവിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തുന്നു. സർക്കാർ സർവീസിലോ സ്വയംഭരണ സ്ഥാപനങ്ങളിലോ തത്തുല്യമായ തസ്തികകളിൽ ജോലി ചെയ്യുന്നവർക്ക് ഈ ഒഴിവിലേക്ക് അപേക്ഷിക്കാം. പ്രവേശന പരീക്ഷാ കമ്മീഷണർ നേരിട്ട് കൂടിക്കാഴ്ച നടത്തിയശേഷം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

താൽപര്യമുള്ള ജീവനക്കാർ കെ.എസ്.ആർ 144 അനുസരിച്ചുള്ള പ്രഫോർമയും ബയോഡാറ്റയും വകുപ്പ് മേധാവിയുടെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റും ഉൾപ്പെടെ മേലധികാരികൾ മുഖേന ഒക്ടോബർ 19 ന് മുമ്പ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം, കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ കോംപ്ലക്സ് (ഏഴാംനില) തമ്പാനൂർ, തിരുവനന്തപുരം 1 എന്ന വിലാസത്തിൽ നേരിട്ടോ തപാൽ മുഖേനയോ അപേക്ഷ സമർപ്പിക്കണം. വിശദവിവരങ്ങൾ www.cee-kerala.org യിൽ ലഭിക്കും.

# കേരള മീഡിയ അക്കാദമിയിൽ ഡയറക്ടർ നിയമനം: അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** കേരള മീഡിയ അക്കാദമി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്യൂണിക്കേഷൻ ഡയറക്ടർ തസ്തികയിലേക്ക് കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ സ്വീകരിക്കുന്ന അവസാന തിയതി ഒക്ടോബർ 22 വൈകിട്ട് 5 മണി. വിശദവിവരങ്ങളും അപേക്ഷാഫോമും www.keralamediaacademy.org യിൽ ലഭിക്കും. പൂരിപ്പിച്ച അപേക്ഷ നേരിട്ടോ തപാൽ മാർഗമോ സമർപ്പിക്കാം.

ഏതെങ്കിലും വിഷയത്തിൽ ബിരുദാനന്തര ബിരുദവും, പ്രശസ്ത അച്ചടി, ഇലക്ട്രോണിക് മാധ്യമത്തിൽ കുറഞ്ഞത് 20 വർഷത്തെ പ്രവൃത്തി പരിചയവുമാണ് യോഗ്യത.

ജേണലിസത്തിൽ ബിരുദാനന്തര ബിരുദം, ഗവേഷണ ബിരുദം, മാധ്യമ സംബന്ധിയായ അക്കാദമിക് കൃതികളുടേയോ പ്രബന്ധങ്ങളുടേയോ രചന, ജേണലിസം അധ്യാപന രംഗത്തെ പരിചയം എന്നിവ അഭിലഷണീയം. പ്രതിമാസ വേതനം 50,000 രൂപ. കുറഞ്ഞ പ്രായ പരിധി 40 വയസ്.

സെക്രട്ടറി, കേരള മീഡിയ അക്കാദമി, സീപോർട്ട് എയർപോർട്ട് റോഡ്, കാക്കനാട്, കൊച്ചി682030 എന്ന വിലാസത്തിൽ അപേക്ഷകൾ സമർപ്പിക്കണം.

# എം.ടെക് സ്പോട്ട് അഡ്മിഷൻ

**തിരുവനന്തപുരം:** ബാർട്ടൺഹിൽ ഗവൺമെന്റ് എൻജിനിയറിങ് കോളേജിൽ ഒഴിവുള്ള എം.ടെക് സീറ്റുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ ഒക്ടോബർ 9 ന് നടക്കും.

മെഷീൻ ഡിസൈൻ (മെക്കാനിക്കൽ എൻജിനിയറിങ്), നെറ്റ്‌വർക്ക് എൻജിനിയറിങ് (ഇൻഫർമേഷൻ ടെക്നോളജി), പവർ ഇലക്ട്രോണിക്സ് ആൻഡ് ഡ്രൈവ്സ് (ഇലക്ട്രിക്കൽ ആൻഡ് ഇലക്ടോണിക്സ് എൻജിനിയറിങ്), പവർ സിസ്റ്റംസ് ആൻഡ് കൺട്രോൾ (ഇലക്ട്രിക്കൽ ആൻഡ് ഇലക്ടോണിക്സ് എൻജിനിയറിങ്), സിഗ്നൽ പ്രോസസിങ് (ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എൻജിനിയറിങ്), മെക്കട്രോണിക്സ് (ഇന്റർ ഡിസിപ്ലിനറി), ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് ഡാറ്റാ സയൻസ് (ഇന്റർ ഡിസിപ്ലിനറി), ട്രാൻസ്‌ലേഷണൽ എൻജിനിയറിങ് (ഇന്റർ ഡിസിപ്ലിനറി) ബ്രാഞ്ചുകളിലാണ് ഒഴിവുകൾ.

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ MCAP അഡ്മിഷൻ പോർട്ടലിൽ രജിസ്റ്റർ ചെയ്യാത്ത വിദ്യാർഥികൾക്കും സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാം.

വിദ്യാർഥികൾ അസൽ സർട്ടഫിക്കറ്റുകളും അനുബന്ധ രേഖകളുമായി രാവിലെ 10 മണിക്ക് കോളേജിൽ ഹാജരാകണം. ഒരു മണിക്കുശേഷം രജിസ്ട്രേഷൻ ഉണ്ടായിരിക്കുന്നതല്ല.




ഐ.എം.എ ബ്ലഡ് ബാങ്കിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ദേശീയ രക്തദാന വാരാചരണ സമാപനം കലൂർ ഐ.എം.എ ഹൗസിൽ ബെന്നി ബഹനാൻ എം.പി ഉദ്ഘാടനം ചെയ്യുന്നു. ഡോ. എം. ഐ ജുനൈദ് റഹ്മാൻ, ഡോ. രമാ മേനോൻ, ഡോ.കെ. നാരായണൻകുട്ടി, ഡോ.വി.പി കുര്യൈയ്പ്പ്, ഡോ. ജേക്കബ്ബ് എബ്രഹാം, ഉണ്ണികൃഷ്ണ പിള്ള, സോമി കെ. ചെറുവത്തൂർ, പ്രകാശ് അയ്യർ, ഡോ. എം. നാരായണൻ തുടങ്ങിയവർ സമീപം

# രക്തദാനത്തിന് യുവതലമുറ കൂടുതൽ സജീവമാകണം: ബെന്നി ബഹനാൻ എം.പി

### ഐ.എം.എ ബ്ലഡ് ബാങ്ക് ദേശീയ രക്തദാന വാരാചരണ സമാപനം സംഘടിപ്പിച്ചു

**കൊച്ചി:** രക്തത്തിന്റെ ആവശ്യം വർധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ രക്തദാനം കൂടുതൽ പ്രോൽസാഹിപ്പിക്കപ്പെടേണ്ടത് അനിവാര്യമാണെന്ന് ബെന്നി ബഹനാൻ എം.പി പറഞ്ഞു. ഐ.എം.എ ബ്ലഡ് ബാങ്കിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ദേശീയ രക്തദാന വാരാചരണ സമാപനം കലൂർ ഐ.എം.എ ഹൗസിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

രക്തദാനത്തിനായി യുവതലമുറ കൂടുതൽ സജീവമാകണം. രക്തദാനം സംബന്ധിച്ച് ഇപ്പോഴും സമൂഹത്തിൽ പല വിധ തെറ്റിദ്ധാരണകൾ നിലനിൽക്കുന്നുണ്ട്. ഇത് മാറ്റപ്പെടണം. ഐ.എം. എ ബ്ലഡ് ബാങ്ക് കെട്ടിടത്തിൽ ലിഫ്റ്റ് സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള സാങ്കേതിക തടസ്സം നീക്കാൻ ആവശ്യമായ ഇടപെടൽ നടത്തുമെന്നും ബെന്നി ബഹനാൻ എം.പി വ്യക്തമാക്കി.

ഐ.എം.എ ബ്ലഡ് ബാങ്കിൽ 129 തവണ രക്തം ദാനം ചെയ്ത 65 വയസുള്ള എൻ.പി സതീശനെ ചടങ്ങിൽ മെമൊന്റോ നൽകി ആദരിച്ചു.

ഐ.എം.എ ബ്ലഡ് ബാങ്ക് ചെയർമാൻ ഡോ.കെ. നാരായണൻകുട്ടി അധ്യക്ഷത വഹിച്ചു. ഐ.എം.എ കൊച്ചി പ്രസിഡന്റ് ഡോ. ജേക്കബ്ബ് എബ്രഹാം, പോപ്പുലർ വെഹിക്കിൾസ് വൈസ് പ്രസിഡന്റ് സോമി കെ. ചെറുവത്തൂർ, ഐ.എം.എ ഹൗസ് ചെയർമാൻ ഡോ.വി.പി കുര്യൈയ്പ്പ്, സീഹോഴ്സ് ഗ്രൂപ്പ് റീജ്യണൽ മാനേജർ പ്രകാശ് അയ്യർ, സ്റ്റാൻഡാർഡ് ചാർട്ടേഡ് ബാങ്ക് റിട്ട.മാനേജർ ഉണ്ണികൃഷ്ണ പിള്ള, ഐ.എം.എ ബ്ലഡ് ബാങ്ക് സെക്രട്ടറി ഡോ. എം. ഐ ജുനൈദ് റഹ്മാൻ, മെഡിക്കൽ ഓഫീസർ ഡോ. രമാ മേനോൻ, ട്രഷറർ ഡോ. എം. നാരായണൻ തുടങ്ങിയവർ സംസാരിച്ചു. ഐ.എം.എ ബ്ലഡ് ബാങ്കുമായി സഹകരിച്ച് കൂടുതൽ തവണ രക്തം ദാനം നടത്തിയ വിവിധ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ,വ്യക്തികൾ എന്നിവരെയും ചടങ്ങിൽ മെമൊന്റോ നൽകി ആദരിച്ചു.

# മാലിന്യമുക്ത നഗരം: രവിപുരത്ത് റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്റർ പ്രവർത്തനമാരംഭിച്ചു

**കൊച്ചി:** സമ്പൂർണ്ണ മാലിന്യമുക്ത നഗരമായി കൊച്ചിയെ മാറ്റുന്നതിന് ആധുനിക ശാസ്ത്രീയ സംവിധാനങ്ങളുള്ള റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്റർ രവിപുരത്ത് പ്രവർത്തനമാരംഭിച്ചു. മന്ത്രി എം. ബി രാജേഷ് ഉദ്ഘാടനം നിർവ്വഹിച്ചു. രവിപുരം ഡിവിഷനിലെ കെ എസ് എൻ മേനോൻ റോഡിൽ, 2200 സ്ക്വയർ ഫീറ്റ് വിസ്തൃതിയിൽ ആർ ആർ എഫ് ൽ പ്രതിദിനം അഞ്ചു ടൺ അജൈവമാലിന്യം വേർതിരിച്ച്, സംസ്കരിക്കുന്നതിനുള്ള ആധുനിക സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് മേയർ അഡ്വ. എം. അനിൽകുമാർ പറഞ്ഞു. സിന്തൈറ്റ് ഇൻഡസ്ട്രീസ് ലിമിറ്റഡ് , കൊച്ചിൻ ഷിപ്പ് യാർഡ് എന്നീ സ്ഥാപനങ്ങളുടെ സി എസ് ആർ ഫണ്ടുപയോഗിച്ച്, സജ്ജമാക്കിയ ആർ ആർ എഫ് ന്റെ നടത്തിപ്പ് ചുമതല മാലിന്യ സംസ്കരണ രംഗത്ത് പ്രവർത്തിക്കുന്ന ഗ്രീൻ വേംസ് എന്ന സ്ഥാപനത്തിനാണ്. രാജ്യാന്തര സിറോ വേസ്റ്റ് ദിനമായ മാർച്ച് 30 നുള്ളിൽ സമ്പൂർണ്ണ മാലിന്യ മുക്ത സംസ്ഥാനമായി കേരളം മാറുന്നതിന് പുതിയ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ആരംഭിക്കുന്നതോടൊപ്പം, പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നതുൾപ്പെടെയുള്ള പൊതുജനമനോഭാവത്തിലും മാറ്റം വരേണ്ടതുണ്ടെന്ന് മന്ത്രി അഭിപ്രായപ്പെട്ടു. ബ്രഹ്മപുരം ഒരു പൂങ്കാവനമാക്കി മാറ്റുന്നതിനാണ് സർക്കാരും, നഗരസഭയും ലക്ഷ്യമിടുന്നതെന്നും അദ്ദേഹം പറഞ്ഞു . അഞ്ചാമത്തെ ആർ ആർ എഫ് ആണ് ഇപ്പോൾ ഉദ്ഘാടനം ചെയ്തിട്ടുള്ളത്. ഉടനെ തന്നെ മറ്റ് രണ്ട് ആർ ആർ എഫ് കൾ കൂടി പ്രവർത്തനമാരംഭിക്കും. ചടങ്ങിൽ, നഗരസഭ ഡെപ്യൂട്ടി മേയർ അൻസിയ, സ്ഥിരം സമിതി അധ്യക്ഷന്മാരായ പി. ആർ റെനീഷ്, വി. എ ശ്രീജിത്ത്, കൗൺസിലർ എസ് ശശികല, നഗരസഭ സെക്രട്ടറി ചെൽസാ സിനി,സിന്തൈറ്റ് ഗ്രൂപ്പ് ചെയർമാൻ ഡോ. വിജു ജേക്കബ്, ഗ്രീൻ വേംസ് സി. ഇ. ഓ ജാബിർ കാരാട്ട് എന്നിവർ പങ്കെടുത്തു.



# തീറ്റ പാരയായി; തളർന്ന ഒട്ടകത്തിന് മൃഗസംരക്ഷണ വകുപ്പ് രക്ഷകരായി

**കൊച്ചി:** കുറ്റിച്ചെടികളും ഇലകളും പുല്ലും വൈക്കോലും മാത്രം തിന്നിരുന്ന ഒട്ടകത്തിന് കേരളത്തിലെ തീറ്റ അത്ര പിടിച്ചില്ല. ആള് തളർന്ന് അവശനായി. ഒടുവിൽ എടവനക്കാട് വെറ്ററിനറി ആശുപത്രിയിലെ സർജ്ജനായ ഡോ. അഖിൽ രാഗും സംഘവും രക്ഷകരായി.

കുഴുപ്പിള്ളി ബീച്ചിലെ ടൂറിസത്തിന്റെ ഭാഗമായി കൊണ്ടുവന്ന ഒട്ടകമാണു മൂന്നു ദിവസങ്ങൾക്കു മുൻപ് തളർന്നു വീണത്. ആലുവയ്ക്കടുത്ത് ഉളിയന്നൂരിലെ അജ്മലിന്റെ ഉടമസ്ഥതയിൽ അഞ്ചു വയസുള്ള ആൺ ഒട്ടകമായിരുന്നു. ഉല്ലാസഭരിതനായിരുന്ന ഒട്ടകം വീഴാൻ എന്താണു കാരണമെന്ന് വൈകിയാണു മനസിലായത്. ആൾക്കു കേരള തീറ്റ അത്ര പിടിച്ചില്ല എന്നതുതന്നെ. ക്ഷീണം മൂലം അവശനായ ഒട്ടകത്തിന് എണീക്കാനോ നടക്കാനോ ആകുമായിരുന്നില്ല. തീറ്റയിലുണ്ടായ വ്യതിയാനം മൂലമുണ്ടായ അസിഡോസിസ് ആയിരുന്നു രോഗകാരണമെന്ന് ഡോ. അഖിൽരാഗ് പറഞ്ഞു. സാധാരണയായി ഒട്ടകങ്ങളുടെ ഭക്ഷണത്തിന്റെ ഭൂരിഭാഗവും പുല്ല്, ഇലകൾ, കുറ്റിച്ചെടികൾ, ഉണക്ക ഇലകൾ, വൈക്കോൽ എന്നിവയാണ്. മേഞ്ഞു നടന്ന് ഇലകളും മറ്റും ഉയരങ്ങളിൽ നിന്നുപോലും തിരഞ്ഞെടുത്തു കഴിക്കാനാണ് അവ ഇഷ്ടപെടുന്നത്. അതോടൊപ്പം വളരെ കുറഞ്ഞ അളവിൽ തീറ്റയും നൽകണം.

കുഴുപ്പിള്ളി ബീച്ചിലെ ഒട്ടകത്തിനു പെട്ടെന്ന് തീറ്റ മാറ്റിയതും കൂടുതൽ അളവിൽ തീറ്റയും പരിചയമില്ലാത്തതുമായ ചെടികൾ നൽകിയതുമാണ് അസുഖത്തിനു കാരണമായത്. ഡോ. അഖിൽ രാഗിന്റെ നേതൃത്വത്തിൽ മെഡിക്കൽ സംഘം രക്തത്തിലൂടെ ഇലക്ട്രോലൈറ്റുകൾ, ആന്റിബയോട്ടിക്കുകൾ, ബികോംപ്ലക്സുകൾ മുതലായവ തുടർച്ചയായി രണ്ടുദിവസം നൽകി. ഒടുവിൽ ഒട്ടകം എഴുന്നേറ്റു. ഇപ്പോൾ ആരോഗ്യം വീണ്ടെടുത്തു വരുന്നു. റാഫിയാണ് നിലവിൽ ഒട്ടകത്തെ പരിപാലിക്കുന്നത്.ഒട്ടകങ്ങളുടെ ആമാശയത്തിന് പശു, ആട് മുതലായ അയവിറക്കുന്ന മൃഗങ്ങളിൽ ഉള്ളതു പോലെ നാലറകളുണ്ട്. പോഷകമൂല്യം വളരെ കുറവുള്ള ഉണങ്ങിയതും കൂടുതൽ നാരുകളടങ്ങിയതുമായ ഉണക്ക പുല്ല്, വൈക്കോൽ എന്നിവ ദഹിപ്പിക്കുന്ന രീതിയിലുള്ള ആമാശയമാണ് ഒട്ടകങ്ങൾക്കുള്ളത്.

എന്നാൽ ഉയർന്ന പോഷക മൂല്യമുള്ളതും പെട്ടെന്ന് ദഹിക്കുന്നതുമായ ഖരാഹാരം അഥവാ മാർക്കറ്റിൽ ലഭിക്കുന്ന തീറ്റകൾ, കൂടുതൽ ധാന്യങ്ങൾ, എന്നിവ കഴിക്കുന്നതും അമിതമായി കഴിക്കുന്നതും ദഹനപ്രക്രിയയെ പ്രതികൂലമായി ബാധിക്കും. ഈയവസരത്തിൽ ആമാശയത്തിലെ ബാക്ടീരിയകൾ ലാക്ടിക് ആസിഡ് ഉത്പാദിപ്പിക്കുകയും അസിഡോസിസ് എന്ന രോഗാവസ്ഥയിലേക്ക് നീങ്ങുകയും ചെയ്യുന്നു. വിശപ്പില്ലായ്മ, വയറ് പെരുക്കം, നിർജ്ജലീകരണം, ക്ഷീണം, എഴുന്നേൽക്കാൻ ബുദ്ധിമുട്ട് എന്നീ രോഗലക്ഷണങ്ങൾ കാണാറുണ്ട്.

# ജേതാവ് കാരിച്ചാൽ തന്നെ': നെഹ്റു ട്രോഫി വള്ളംകളിയിലെ അന്തിമ ഫലത്തിൽ മാറ്റമില്ലെന്ന് അപ്പീൽ കമ്മിറ്റി

**ആലപ്പുഴ:** നെഹ്റു ട്രോഫി വള്ളംകളിയുടെ അന്തിമ ഫലത്തിൽ മാറ്റമില്ല. കാരിച്ചാൽ ചുണ്ടൻ തന്നെയാണ് വിജയിയെന്ന് ജൂറി ഓഫ് അപ്പീൽ കമ്മിറ്റി പ്രഖ്യാപിച്ചു. വീയപുരം ചുണ്ടൻ തുഴഞ്ഞ വില്ലേജ് ബോട്ട് ക്ലബിന്റെ പരാതി അപ്പീൽ കമ്മിറ്റി തള്ളി. നടുഭാഗം തുഴഞ്ഞ കുമരകം ടൗൺ ബോട്ട് ക്ലബിന്റെ പരാതിയും നിലനിൽക്കില്ല. നെഹ്റു ട്രോഫി വള്ളംകളിയുടെ ഫൈനൽ വിധിനിർണയത്തിനെതിര രണ്ടും മൂന്നും സ്ഥാനക്കാർ അപ്പീൽ നൽകിയിരുന്നു. പരാതിക്കാരുടെ വാദം കേട്ടതിനൊപ്പം വിഡിയോ ദൃശ്യങ്ങളും പരിശോധിച്ച് വിശദ പരിശോധനയ്ക്കു ശേഷമാണ് അന്തിമ തീരുമാനം പ്രഖ്യാപിച്ചത്. സ്റ്റാർട്ടിങ് അടക്കമുള്ള പിഴവുകളെ കുറിച്ച് പരാതിയുള്ളതിനാൽ സാങ്കേതികസമിതി വിശദപരിശോധനയാണ് നടത്തിയത്.0.005 സെക്കൻഡ് വ്യത്യാസത്തിലാണ് കാരിച്ചാൽ ചുണ്ടനെ വിജയിയായി പ്രഖ്യാപിച്ചത്. എഡിഎം, ജില്ലാ ഗവ. പ്ലീഡർ, ജില്ലാ ലോ ഓഫിസർ, എൻടിബിആർ സൊസൈറ്റി അംഗങ്ങൾ എന്നിവരടങ്ങുന്നതാണ് ജൂറി ഓഫ് അപ്പീൽ കമ്മിറ്റി.

# കർദിനാൾ പദവിയിലേക്ക് മലയാളി; മോൺസിഞ്ഞോർ ജോർജ് കൂവക്കാട് നിയുക്ത കർദിനാൾ



**കൊച്ചി:** സിറോ മലബാർ സഭാംഗവും ചങ്ങനാശേരി അതിരൂപതയിൽനിന്നുള്ള മോൺസിഞ്ഞോറുമായ ജോർജ് കൂവക്കാടിനെ ഫ്രാൻസിസ് മാർപാപ്പ കർദിനാൾ പദവിയിലേക്ക് ഉയർത്തി. വത്തിക്കാനിൽ നടന്ന ചടങ്ങിലാണ് ഫ്രാൻസിസ് മാർപാപ്പയുടെ പ്രഖ്യാപനം. വത്തിക്കാൻ പൊതുകാര്യങ്ങൾക്കു വേണ്ടിയുള്ള വിഭാഗത്തിലാണ് നിയമനം. മോൺസിഞ്ഞോർ ജോർജ് കൂവക്കാട് ഉൾപ്പെടെ 20 പുതിയ കർദിനാൾമാരെ മാർപാപ്പ പ്രഖ്യാപിച്ചു.

ചങ്ങനാശേരി മാമ്മൂട് ലൂർദ് പള്ളി ഇടവകാംഗമാണ് മോൺസിഞ്ഞോർ ജോർജ് കൂവക്കാട്. ഡിസംബർ എട്ടിനാണ് സ്ഥാനാരോഹണം. 2006 മുതൽ വത്തിക്കാൻ നയതന്ത്ര വിഭാഗത്തിൽ പ്രവർത്തിക്കുന്നു. മാർപാപ്പയുടെ യാത്രകളിൽ ഉൾപ്പെടെ അനുഗമിക്കുന്ന ഔദ്യോഗിക സംഘത്തിൽ അംഗമാണ്.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** വനിതാ ശിശുവികസന വകുപ്പിന് കീഴിലുള്ള എറണാകുളം ആലങ്ങാട് ഐസിഡിഎസ്. പ്രോജക്ട് ഓഫീസിലെ ഉപയോഗത്തിനായി ഒരു വർഷത്തേക്ക് വാഹനം (കാർ/ജീപ്പ്) വാടകയ്ക്ക് എടുക്കുന്നതിന് ടെൻഡർ ക്ഷണിച്ചു. ടെൻഡർ സംബന്ധമായ കൂടുതൽ വിവരങ്ങൾ എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 10 നും വൈകിട്ട് അഞ്ചിനും ഇടയിൽ മുപ്പത്തടം മില്ലുപടിയിൽ പ്രവർത്തിക്കുന്ന ആലങ്ങാട് ശിശുവികസന പദ്ധതി ഓഫീസിൽ ലഭിക്കും. (ഫോൺ. 75610 44260) ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി ഒക്ടോബർ 22 ഉച്ചയ്ക്ക് രണ്ടു വരെ.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേന്ദ്ര സർക്കാർ സംരംഭമായ ബിസിൽ ട്രെയിനിംഗ് ഡിവിഷൻ ഓക്ടോബർ മാസം ആരംഭിക്കുന്ന രണ്ടു വർഷം, ഒരു വർഷം, ആറു മാസം മോണ്ടിസോറി പ്രൈമറി, നഴ്സറി ടീച്ചർ ട്രെയിനിംഗ് കോഴ്സുകൾക്ക് ഡിഗ്രി/പ്ലസ് ടു/എസ്എസ്എൽസി യോഗ്യതയുള്ള വനിതകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. വിശദ വിവരങ്ങൾക്ക് ബിസിൽ ട്രെയിനിംഗ് ഡിവിഷൻ ഫോൺ 7994449314.

## ജില്ലാ ആസൂത്രണ സമിതി യോഗം 11ന്

**കൊച്ചി:** ജില്ലാ ആസൂത്രണ സമിതി യോഗം ഒക്ടോബർ 11ന് 3:30 ന് ജില്ലാ ആസൂത്രണ സമിതി സെക്രട്ടറിയേറ്റ് കോൺഫറൻസ് ഹാളിൽ ചേരും.

## റേഷൻ കാർഡ് മസ്റ്ററിംഗ് ഇന്ന്

**കൊച്ചി:** മുൻഗണനാ വിഭാഗത്തിലുള്ള എഎവൈ (മഞ്ഞ), പിഎച്ച്എച്ച് (പിങ്ക്) റേഷൻ കാർഡിൽ ഉൾപ്പെട്ട അംഗങ്ങൾക്കുള്ള മസ്റ്ററിംഗിനുള്ള സമയപരിധി ഒക്ടോബർ എട്ടിന് അവസാനിക്കും. അംഗങ്ങൾ റേഷൻ കാർഡും ആധാർ കാർഡുമായി സമീപമുള്ള റേഷൻകടയിലെത്തണം. കിടപ്പ് രോഗികൾ, ശാരീരിക മാനസിക ബുദ്ധിമുട്ട് നേരിടുന്നവർ എന്നിവരെ വീട്ടിലെത്തി മസ്റ്ററിംഗ് ചെയ്യാനായി അടുത്തുള്ള റേഷൻ കടയുമായി ബന്ധപ്പെടണം.. റേഷൻ കട മുഖാന്തിരം മസ്റ്ററിംഗ് നടത്താൻ ബുദ്ധിമുട്ടുള്ളവർ സിറ്റി റേഷനിംഗ് ആഫീസുമായി ബന്ധപ്പെടണം. ഫോൺ : 04842390809.

## ന്യൂനപക്ഷ കമ്മീഷൻ സിറ്റിംഗ് 10ന്

**കൊച്ചി:** സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ സിറ്റിംഗ് ഒക്ടോബർ 10ന് രാവിലെ 11.ന് എറണാകുളം കാക്കനാട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ സിറ്റിങ്ങ് നടത്തുന്നു. സിറ്റിങ്ങിൽ പുതിയ പരാതികളും സ്വീകരിക്കും.

## കാർപ്പെന്റർ തസ്തികയിൽ ഒഴിവ്

**കൊച്ചി:** സംസ്ഥാന അർധസർക്കാർ സ്ഥാപനത്തിൽ കാർപ്പെന്റർ തസ്തികയിൽ ലത്തീൻ കത്തോലിക്കർ/ആംഗ്ലോ ഇന്ത്യൻ വിഭാഗത്തിന് സംവരണം ചെയ്തിട്ടുള്ള രണ്ടു താത്കാലിക ഒഴിവുകളുണ്ട്. താത്പര്യമുള്ള ഉദ്യോഗാർഥികൾ ഒക്ടോബർ 16ന് നകം യോഗ്യത/പ്രവൃത്തി പരിചയം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് സഹിതം അടുത്തുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നേരിട്ട് ഹാജരാകണം.

യോഗ്യത: എസ്എസ്എൽസി, കാർപ്പെന്റർ ട്രേഡിലുള്ള ഐടിഐ സർട്ടിഫിക്കറ്റ്. കാർപ്പെന്ററിയിൽ ഒരു വർഷത്തെ പ്രവൃത്തി പരിചയം. പ്രായം 1841 (നിയമാനുസൃത വയസിളവ് ബാധകം). ശമ്പളം പ്രതിമാസം 18000 രൂപ. സംവരണ വിഭാഗത്തിന്റെ അഭാവത്തിൽ മറ്റു സമുദായക്കാരെയും, ഓപ്പൺ വിഭാഗത്തിലുള്ളവരെയും പരിഗണിക്കും.




# മാട്ടുപ്പെട്ടിയിൽ സോളർ ബോട്ടും; ഒരേ സമയം 30 പേർക്ക് സഞ്ചരിക്കാം

**മൂന്നാർ :** വൈദ്യുത ബോട്ടിനു പിന്നാലെ മാട്ടുപ്പെട്ടിയിൽ സഞ്ചാരികൾക്കായി സോളർ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ബോട്ടും ഇന്നലെ മുതൽ സർവീസ് ആരംഭിച്ചു. ഒരേ സമയം 30 പേർക്ക് സഞ്ചരിക്കാൻ കഴിയുന്ന ബോട്ടാണ് ഓടിത്തുടങ്ങിയത്. സോളർ ഊർജം ലഭിക്കാത്ത സാഹചര്യത്തിൽ വൈദ്യുതി ഉപയോഗിച്ചും ഈ ബോട്ട് ഓടിക്കാൻ കഴിയും. ഹൈഡൽ ടൂറിസം വകുപ്പ് കൊച്ചി കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന പവർബോട്ട് ഗലേറിയ എന്ന സ്ഥാപനവുമായി സഹകരിച്ചാണ് പുതിയ സോളർ ബോട്ട് സർവീസ് നടത്തുന്നത്. ഹൈഡലുമായി വരുമാന പങ്കാളിത്ത വ്യവസ്ഥയിലാണ് സർവീസ് നടത്തുന്നത്. സോളർ ബോട്ടിൽ ഒരാൾക്ക് 20 മിനിറ്റ് യാത്രയ്ക്ക് 300 രൂപയാണ് നിരക്ക്. നിലവിൽ ഹൈഡൽ ടൂറിസം നേരിട്ട് മാട്ടുപ്പെട്ടിയിൽ ഒരു ഇലക്ട്രിക് ബോട്ട് (ഇബോട്ട്) സർവീസ് നടത്തുന്നുണ്ട്.

20 പേർക്ക് അര മണിക്കൂർ സഞ്ചരിക്കുന്നതിന് 2,000 രൂപയാണ് നിരക്ക്. വന്യമൃഗങ്ങൾക്ക് ശല്യമാകുന്ന ശബ്ദമലിനീകരണം, ഡീസൽ ഉപയോഗം മൂലമുള്ള അന്തരീക്ഷ മലിനീകരണം എന്നിവ ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെയാണ് മാട്ടുപ്പെട്ടി ജലാശയത്തിൽ ഇബോട്ടും സോളർ ബോട്ടും സർവീസ് ആരംഭിച്ചത്.

ഡീസൽ ബോട്ടുകളുടെ അമിത ശബ്ദം ആനകളുടെ സ്വൈരജീവിതത്തിനു തടസ്സമാണെന്നു കാട്ടി ആനയിറങ്കലിലെ ബോട്ട് സവാരി ഹൈക്കോടതി നിരോധിച്ചിരുന്നു.

# ഭൂമി തരംമാറ്റം: കണയന്നൂരിൽ നിന്ന് മാത്രം കിട്ടിയത് 20 കോടി

**കാക്കനാട്:** ഭൂമി തരംമാറ്റ അപേക്ഷകൾ കലക്ടറേറ്റിൽ തീർപ്പാക്കിത്തുടങ്ങിയതിനു ശേഷം കണയന്നൂർ താലൂക്ക് പരിധിയിൽ നിന്നു മാത്രം ഖജനാവിലേക്കു ലഭിച്ചത് 20 കോടിയോളം രൂപ. ഫോർട്ടുകൊച്ചി സബ്കലക്ടർ ഓഫിസിൽ നിന്ന് അപേക്ഷകൾ കലക്ടറേറ്റിലേക്കു മാറ്റിയത് 3 മാസം മുൻപാണ്. ഇതിനു ശേഷം ആയിരത്തോളം അപേക്ഷകൾ തീർപ്പാക്കി. സ്ഥലത്തിന്റെ ന്യായവിലയുടെ നിശ്ചിത ശതമാനം വർധിപ്പിച്ച തുക ഈടാക്കിയാണ് തരംമാറ്റം അനുവദിക്കുന്നത്. കാക്കനാട്ടെ ഒറ്റ പ്ലോട്ടിൽ നിന്നു മാത്രം 6,87,35,568 രൂപ ലഭിച്ചു. ജില്ലയിൽ ഭൂമി തരംമാറ്റത്തിലൂടെ സർക്കാരിന് ഏറ്റവും കൂടുതൽ വരുമാനം ലഭിക്കുന്നത് കണയന്നൂർ താലൂക്കു പരിധിയിൽ നിന്നാണ്. ഭൂമി തരം മാറ്റത്തിനായി സമർപ്പിച്ചിട്ടുള്ള കണയന്നൂർ താലൂക്ക് പരിധിയിലെ 5,000 അപേക്ഷകൾ അദാലത്തിലൂടെ ഒരുമിച്ചു തീർപ്പാക്കാനും നടപടി തുടങ്ങി. ഡപ്യൂട്ടി കലക്ടർ വി.ഇ.അബ്ബാസിനാണ് കണയന്നൂർ താലൂക്ക് പരിധിയിലെ ഭൂമി തരംമാറ്റച്ചുമതല. കൊച്ചി നഗരത്തിലെയും സമീപ മുനിസിപ്പാലിറ്റികളിലെയും പഞ്ചായത്തുകളിലെയും അപേക്ഷകളാണ് കണയന്നൂർ താലൂക്ക് പരിധിയിൽ ഉൾപ്പെടുന്നത്.

25 സെന്റിൽ താഴെയുള്ള പ്ലോട്ടുകളുടെ പരിവർത്തനം സംബന്ധിച്ച അപേക്ഷകളാണ് അദാലത്തിൽ പരിഗണിക്കുന്നത്. കണയന്നൂർ താലൂക്ക് പരിധിയിൽ 25 സെന്റിൽ താഴെയുള്ള 13,661 അപേക്ഷകളാണുള്ളത്. ഇതിൽ മുൻഗണനാ ക്രമമനുസരിച്ചുള്ള 5,000 അപേക്ഷകളാണ് അടുത്ത മാസം 15നു നടത്തുന്ന അദാലത്തിൽ തീർപ്പാക്കാൻ ലക്ഷ്യമിടുന്നത്. ഇതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുകയാണ്. ഓഗസ്റ്റ് 31 വരെ സമർപ്പിച്ച ഫോം 5, ഫോം 6 അപേക്ഷകളിൽ 5,000 എണ്ണമാണ് അദാലത്തിലേക്കു മാറ്റിയിരിക്കുന്നത്. ഭൂമി തരംമാറ്റ അപേക്ഷകൾ അടിയന്തരമായി പൂർത്തിയാക്കാൻ കൂടുതൽ ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്. നേരത്തെ ആർഡിഒ ഓഫിസുകളിൽ നിന്ന് ഭൂമി തരംമാറ്റ അപേക്ഷകൾ കലക്ടറേറ്റിലേക്ക് മാറ്റിയപ്പോൾ തന്നെ അവിടെ നിന്ന് കൂടുതൽ ജീവനക്കാർ എത്തിയിരുന്നു. ഇതിനു പുറമേയാണ് അദാലത്തിലൂടെ അപേക്ഷകൾ ദ്രുതഗതിയിൽ തീർപ്പാക്കാൻ ഏതാനും ജീവനക്കാരെ കൂടി നിയോഗിച്ചിരിക്കുന്നത്. അദാലത്തിൽ പരിഗണിക്കുന്നവ ഒഴിച്ചുള്ള മറ്റ് അപേക്ഷകളിൻമേലുള്ള നടപടികൾ തൽക്കാലം നിർത്തിവച്ചിരിക്കുകയാണ്. ഇതിന്റെ ഭാഗമായി കലക്ടറേറ്റിലെ ഭൂമി തരംമാറ്റം അന്വേഷണ കൗണ്ടറിന്റെ പ്രവർത്തനവും തൽക്കാലത്തേക്കു നിർത്തി. നിലവിലുള്ള അപേക്ഷകളുടെ നടപടി പുരോഗതി അക്ഷയ കേന്ദ്രങ്ങളിൽ നിന്ന് അറിയാം.

## ഡിജിറ്റൽ ക്രിയേറ്റേഴ്സിന് സൗജന്യ പരിശീലന പരിപാടിയുമായി യുവജന കമ്മീഷൻ

**തിരുവനന്തപുരം:** ഡിജിറ്റൽ ക്രിയേറ്റേഴ്സ് ആവാൻ ആഗ്രഹിക്കുന്നവർക്ക് സൗജന്യ പരിശീലന പരിപാടിയുമായി സംസ്ഥാന യുവജന കമ്മീഷൻ. ഫേസ്ബുക്ക്, ഇൻസ്റ്റാഗ്രാം, യൂട്യൂബ് തുടങ്ങിയ സാമൂഹ്യ മാധ്യമങ്ങളിൽ മികച്ച കണ്ടന്റ് ക്രിയേറ്റേഴ്സിനെ വാർത്തെടുക്കുകയാണ് പരിശീലനത്തിലൂടെ ലക്ഷ്യം വയ്ക്കുന്നത്. തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന ബ്രിഡ്ജിങ് ഡോട്ട്സ് മീഡിയ സൊല്യൂഷൻസ് എന്ന സ്റ്റാർട്ടപ്പ് കമ്പനിയുമായി സഹകരിച്ചാണ് പരിശീലന പരിപാടി ഒരുക്കിയിരിക്കുന്നത്.

18 മുതൽ 40 വയസ്സുവരെയുള്ള വർക്കാണ് തിരുവനന്തപുരത്ത് വച്ച് നടക്കുന്ന പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ അവസരം.ലഭിക്കുന്ന അപേക്ഷകളിൽ നിന്ന് തിരഞ്ഞെടുക്കുന്ന 100 പേർക്ക് ആയിരിക്കും ആദ്യ ഘട്ടത്തിൽ പരിശീലനം നൽകുക.

തിരുവനന്തപുരത്തെ താമസ സൗകര്യം ഉൾപ്പെടെ സംഘാടകർ ഒരുക്കുന്നുണ്ട്.മേഖലയിലെ വിദഗ്ധർ തയ്യാറാക്കിയ സിലബസിന്റെ അടിസ്ഥാനത്തിലാണ് പരിശീലന പരിപാടി ഒരുക്കിയിരിക്കുന്നത്.

## ഇന്നത്തെ പരിപാടി

**കൊച്ചി:** വൈറ്റില സിൽവർ സാന്റ് ഐലന്റ് : ഏഷ്യൻ സ്കൂൾ ഓഫ് ആർക്കിടെക്ചർ ആൻഡ് ഡിസൈൻ ഇന്നൊവേഷൻസിൽ (ആസാദി) കൗൺസിൽ ഓഫ് ആർക്കിടെക്ചർ(സിഒഎ) ദക്ഷിണ മേഖല സംഘടിപ്പിക്കുന്ന ആർക്കിടെക്ചർ തീസീസ് എക്സിബിഷൻ. ഇന്ന് (08.10.2024 ചൊവ്വ) രാവിലെ 09.30 മുതൽ. ഉദ്ഘാടനം ലോക്നാഥ് ബെഹ്റ.

# ആദിത്യ ഇൻഫോടെക് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി :** സിപി പ്ലസ് ബ്രാൻഡിൽ വീഡിയോ സുരക്ഷയും നിരീക്ഷണ ഉൽപ്പന്നങ്ങളും സാങ്കേതികവിദ്യയും സേവനങ്ങളും ലഭ്യമാക്കുന്ന ഇന്ത്യയിലെ ഏറ്റവും വലിയ കമ്പനിയായ ആദിത്യ ഇൻഫോടെക് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ) സമർപ്പിച്ചു. അഞ്ച് രൂപ മുഖവിലയുള്ള ഓഹരികളുടെ ഐപിഒയിലൂടെ 1300 കോടി രൂപ സമാഹരിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്.500 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും നിലവിലുള്ള നിക്ഷേപകരുടെ 800 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും.ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ്, ഐഐഎഫ്എൽ സെക്യൂരിറ്റീസ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ .

# സമൃദ്ധി @ കൊച്ചിയുടെ മൂന്നാം വാർഷികാഘോഷം

**കൊച്ചി:** കൊച്ചി നഗരസഭയുടെ വിശപ്പുരഹിത പദ്ധതിയായ സമൃദ്ധി @ കൊച്ചിയുടെ മൂന്നാം വാർഷികാഘോഷം ബി.പി.സി.എൽ. കൊച്ചി റിഫൈനറി എക്സിക്യൂട്ടീവ് ഡയറക്ടർ എം.ശങ്കർ ഉദ്ഘാടനം ചെയ്തു. മേയർ അഡ്വ.എം.അനിൽകുമാർ അദ്ധ്യക്ഷത വഹിച്ചു.2021 ൽ ആണ് 10 രൂപയ്ക്ക് ഊണുമായി കൊച്ചി നഗരസഭയുടെ വിശപ്പ് രഹിത പദ്ധതിയായ സമൃദ്ധി@കൊച്ചി ആരംഭിക്കുന്നത് . ഇതു വരെ 2385649 ഊണ് നൽകി . 14 പേരുമായി ആരംഭിച്ച സമൃദ്ധിയിൽ ഇന്ന് 98 പേർ ജോലി നോക്കുന്നു .സമൃദ്ധിയുടെ ഉച്ചസമയത്തെ അനിയന്ത്രിതമായ തിരക്ക് ഒഴിവാക്കുന്നതിനായി സൗത്ത് ഇന്ത്യൻ ബാങ്ക് ഇടഞ്ഞ ഫണ്ടിൽ ഉൾപ്പെടുത്തി നൽകിയ ആധുനിക സെൽഫ് ബില്ലിംഗ് കിയോസ്കുകളുടെ ഉൽഘാടനം മേയർ നിർവഹിച്ചു .




# രണ്ട് പുതിയ ശാഖകൾ തുറന്ന് ഇസാഫ്

**കൊച്ചി:** തൃശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്കിന്റെ പുതിയ രണ്ട് ശാഖകൾ കാക്കനാടും തിരുവാണിയൂരിലും പ്രവർത്തനമാരംഭിച്ചു. തൃക്കാക്കര മുനിസിപ്പാലിറ്റിക്ക് എതിർവശമുള്ള കാക്കനാട് ശാഖ ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷും തിരുവാണിയൂർ ശാഖ ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് ചെയർമാൻ പി ആർ രവി മോഹനനും ഉദ്ഘാടനം ചെയ്തു. തൃക്കാക്കര മുനിസിപ്പാലിറ്റി ചെയർപേഴ്സൺ രാധാമണി പിള്ള, കൗൺസിലർ ദിലീപ് സി ടി, തിരുവാണിയൂർ പഞ്ചായത്ത് പ്രസിഡന്റ് സി ആർ പ്രകാശ്, മുൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശാരദാമ്മ നാരായണൻ, കേരള വ്യാപാരി വ്യവസായി ഏകോപന സമിതി എറണാകുളം വൈസ് പ്രസിഡന്റ് അസീസ് മൂലയിൽ, ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് സുദേവ് കുമാർ വി, ബ്രാഞ്ച് ബാങ്കിങ് ഹെഡ് രജീഷ് കളപുരയിൽ എന്നിവർ പ്രസംഗിച്ചു.

# മേക്ക് ഇൻ ഇന്ത്യ പദ്ധതിയുമായി ബാങ്ക് ഓഫ് ബറോഡ

**കൊച്ചി:** കേന്ദ്ര സർക്കാരിന്റെ ഡിജിറ്റൽ പരിവർത്തനത്തിന്റെയും മേക്ക് ഇൻ ഇന്ത്യ സംരംഭവുമായും ഒത്തു ചേരുന്നതിന്റെയും ഭാഗമായി ഇന്ത്യയിലെ രണ്ടാമത്തെ വലിയ പൊതുമേഖലാ ബാങ്കായ ബാങ്ക് ഓഫ് ബറോഡ എച്ച്എഫ്സിഎല്ലിൽ നിന്നുള്ള തദ്ദേശീയമായി നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന സംവിധാനം- സ്വിച്ചുകൾ ഉപയോഗിച്ച് രാജ്യത്തുടനീളമുള്ള 1600ലധികം ശാഖകളിലെ നെറ്റ്‌വർക്ക് വിജയകരമായി നവീകരിച്ചു. ഈ തന്ത്രപരമായ പങ്കാളിത്തം ഇന്ത്യൻ ബാങ്കിങ് മേഖലയുടെ സാങ്കേതിക സ്വാശ്രയത്വത്തിലേക്കും മെച്ചപ്പെട്ട ഉപഭോക്തൃ അനുഭവത്തിലേക്കുമുള്ള മുന്നേറ്റത്തിന്റെ ഒരു നാഴികക്കല്ല് അടയാളപ്പെടുത്തുന്നതാണ്.

ബാങ്കിന്റെ രാജ്യത്താകമാനമുള്ള ശാഖകളിലെ എൽഎഎൻ (ലാൻ) കണക്ടിവിറ്റി മെച്ചപ്പെടുത്തുന്നതിനായി എച്ച്എഫ്സിഎൽ മൂവായിരത്തോളം 24- പോർട്ട് സ്വിച്ചുകളാണ് ബാങ്കിന് കൈമാറിയത്. ബാങ്കിന്റെ നിലവിലുള്ള നെറ്റ്‌വർക്ക് ആക്സസ് കൺട്രോളർ (എൻഎസി) സംവിധാനവുമായുള്ള എച്ച്എഫ്സിഎൽ സ്വിച്ചുകളുടെ സംയോജനം വഴി ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പാക്കാൻ സാധിക്കും. എന്എസി സംവിധാനം തുടർച്ചയായി ആക്സസ് നിരീക്ഷിക്കുകയും നിയന്ത്രിക്കുകയും ചെയ്യുമ്പോൾ ഈ സ്വിച്ചുകൾ ബാങ്കുകളിൽ ഉടനീളം വേഗതയും ഉറപ്പുള്ളതുമായ കണക്ടിവിറ്റി ഉറപ്പാക്കുകയും ചെയ്യും.

ഡൈനാക്കോൺസ് സിസ്റ്റംസ് ആൻഡ് സൊലൂഷൻസുമായി സഹകരിച്ചാണ് ഈ സംവിധാനം വിന്യസിച്ചത്. ബിസിനസ് തുടർച്ചയിൽ ഇത് വിട്ടുവീഴ്ചയില്ലാത്ത സുരക്ഷിതവും കണക്റ്റിവിറ്റി സിസ്റ്റത്തിലേക്കുള്ള സുഗമമായ മാറ്റവും ഉറപ്പാക്കും. ഈ വിജയകരമായ വിന്യാസം ഇന്ത്യൻ സാങ്കേതിക സേവന ദാതാക്കളുടെ ശേഷിയ്ക്ക് അടിവരയിടുന്നതും ആഭ്യന്തര ഉൽപ്പാദനത്തെ പിന്തുണച്ചുകൊണ്ട് അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കാൻ മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് മാതൃകയാകുന്നതുമാണ്.

കൂടുതല് വിവരങ്ങൾക്ക് : https://io.hfcl.com/casestudies/bob-banking

# സച്ചിൻ ടെണ്ടുൽക്കർ ബാങ്ക് ഓഫ് ബറോഡ ഗ്ലോബൽ ബ്രാൻഡ് അംബാസഡർ

**കൊച്ചി:** ബാങ്ക് ഓഫ് ബറോഡ ക്രിക്കറ്റ് ഇതിഹാസം സച്ചിൻ ടെണ്ടുൽക്കറെ ബാങ്കിൻറെ ഗ്ലോബൽ ബ്രാൻഡ് അംബാസഡറായി പ്രഖ്യാപിച്ചു. സഹകരണത്തിൻറെ ഭാഗമായി സച്ചിനെ മുൻനിർത്തി പ്ലേ ദി മാസ്റ്റർസ്ട്രോക്ക്' എന്ന പേരിൽ ആദ്യ ക്യാമ്പയിനിനും ബാങ്ക് ഓഫ് ബറോഡ തുടക്കമിട്ടു. രാജ്യത്തിൻറെ എല്ലാ ഭാഗങ്ങളിലുമുള്ള സച്ചിൻറെ ജനപ്രീതി ഉപയോഗപ്പെടുത്തി ബാങ്ക് ഓഫ് ബറോഡയുടെ എല്ലാ ബ്രാൻഡിങ് ക്യാമ്പയിനുകളിലും സാമ്പത്തിക സാക്ഷരത, തട്ടിപ്പ് തടയൽ, ഉപഭോക്താക്കളുംജീവനക്കാരുമായുള്ള ഇടപഴകൽ എന്നിങ്ങനെ ഉപഭോക്തൃ വിദ്യാഭ്യാസ, ബോധവൽക്കരണ പരിപാടികൾ എന്നിവയിലും സച്ചിനെ ബാങ്ക് ഓഫ് ബറോഡയുടെ ബ്രാൻഡ് അംബാസഡറായി നിയമിക്കും. നിലവിൽ 17 രാജ്യങ്ങളിൽ ബാങ്ക് ഓഫ് ബറോഡ സാന്നിധ്യമുണ്ട്. സച്ചിൻറെ ആഗോള കായിക പെരുമ, ബാങ്ക് ഓഫ് ബറോഡയെ അന്താരാഷ്ട്ര തലത്തിലും ഉയർത്താൻ സഹായിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും ഇന്ത്യയുടെ കായിക ഇതിഹാസങ്ങളിൽ ഒരാളായ സച്ചിൻ ടെണ്ടുൽക്കറെ ഗ്ലോബൽ ബ്രാൻഡ് അംബാസഡറായി പ്രഖ്യാപിക്കുന്നത് ബാങ്ക് ഓഫ് ബറോഡയ്ക്ക് അഭിമാനത്തിൻറെ നിമിഷമാണെന്നും ബാങ്ക് ഓഫ് ബറോഡ മാനേജിങ് ഡയറക്ടറും സിഇഒയുമായ ദേബദത്ത ചന്ദ് പറഞ്ഞു. ബാങ്ക് ഓഫ് ബറോഡയുമായി സഹകരിക്കാൻ കഴിഞ്ഞത് തനിക്ക് ലഭിച്ച പദവിയായി കരുതുവെന്ന് പങ്കാളിത്തത്തെക്കുറിച്ച് സംസാരിക്കവേ സച്ചിൻ ടെണ്ടുൽക്കർ പറഞ്ഞു.



# തൊഴിലിടങ്ങളിലെ സ്ത്രീ സുരക്ഷ: 10,000 ലധികം സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തു

**തിരുവനന്തപുരം:** തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിനുള്ള പോഷ് ആക്ട് ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള വനിത ശിശുവികസന വകുപ്പിന്റെ പോഷ് കംപ്ലയന്റ്സ് പോർട്ടലിലൂടെ 10,307 സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തതായി ആരോഗ്യ വനിത ശിശുവികസന വകുപ്പ് മന്ത്രി വീണാ ജോർജ്. ഇതിൽ 5,440 സ്ഥാപനങ്ങളിൽ ഇന്റേണൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. 2023ൽ സജ്ജമാക്കിയ പോർട്ടലിലൂടെ ഇത്രയേറെ സ്ഥാപനങ്ങളെ രജിസ്റ്റർ ചെയ്യാനായത് നേട്ടമാണ്. സ്ഥാപനങ്ങൾ സന്ദർശിച്ച് പരിശോധനകളിലൂടെയും ബോധവത്ക്കരണത്തിലൂടെയുമാണ് ഇത്രയേറെ സ്ഥാപനങ്ങളെ രജിസ്റ്റർ ചെയ്യിപ്പിക്കാനായത്. മേഖല അടിസ്ഥാനത്തിൽ ആക്ട് സംബന്ധിച്ച ബോധവത്ക്കരണവും നൽകുന്നതാണ്. എല്ലാ സ്ഥാപനങ്ങളിലും നിയമാനുസൃത കമ്മിറ്റികൾ രൂപീകരിക്കാൻ തീവ്ര യജ്ഞ പരിപാടി സംഘടിപ്പിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന ലൈംഗികാതിക്രമം തടയുന്നതിനും എല്ലാ സ്ത്രീകൾക്കും സുരക്ഷിതത്വ ബോധത്തോടെ ജോലി ചെയ്യുന്നതിനുള്ള അന്തരീക്ഷം സൃഷ്ടിക്കുന്നതിനുമായാണ് പോഷ് കംപ്ലയന്റ്സ് പോർട്ടൽ സജ്ജമാക്കിയത്. 10 ജീവനക്കാരിലധികം ജോലി ചെയ്യുന്ന എല്ലാ സ്ഥാപനങ്ങളിലും നിയമം അനുസരിച്ചുള്ള ഇന്റേണൽ കമ്മിറ്റി നിലവിലുണ്ടായിരിക്കേണ്ടതാണ്.

പത്തോ അതിലധികമോ ജീവനക്കാരുള്ള തൊഴിലിടങ്ങളിലെ സ്ഥാപന മേധാവികൾ/ തൊഴിലുടമകൾ എന്നിവർ അവരുടെ ഇന്റേണൽ കമ്മിറ്റി വിവരങ്ങൾ, ഇന്റേണൽ കമ്മിറ്റിയിൽ ലഭിച്ച പരാതികളുടെ എണ്ണം, റിപ്പോർട്ട് സംബന്ധിച്ച വിവരങ്ങൾ എന്നിവ നൽകേണ്ടതാണ്. റിപ്പോർട്ട് സംബന്ധിച്ച വിവരങ്ങൾ എന്നിവ അതാതു ജില്ലാ കളക്ടർ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥൻ അല്ലെങ്കിൽ ഉദ്യോഗസ്ഥ പോർട്ടലിൽ അപ്ഡേറ്റ് ചെയ്യേണ്ടതാണ്.




# ഇരുപതിലധികം വ്യത്യസ്ഥ ചേരുവകളുമായി ലുലുവിൽ 3500 കിലോയുടെ ഭീമൻ കേക്ക് മിക്സിങ്

**കൊച്ചി :** ക്രിസ്തുമസ് ആഘോഷരാവിന് വിരുന്നേകി ലുലുവിൽ ഭീമൻ കേക്ക് മിക്സിങ്ങ് പ്രൗഢഗംഭീരമായി നടന്നു. രുചികരമായ ഇരുപതിലധികം വ്യത്യസ്ഥ ചേരുവകളുമായി 3500 കിലോയുടെ കേക്ക് മിക്സിങ്ങാണ് കൊച്ചി ലുലു മാളിൽ നടന്നത്. നടൻ സൈജു കുറുപ്പ് ഉദ്ഘാടനം ചെയ്തു.നടൻ ബാലു വർഗീസ്, ഗായകരായ അഭയ ഹിരൺമയി, മുഹമ്മദ് മഖ്ബൂൽ മൻസൂർ, ശ്രേയ രാഘവ്, സാജിദ് യാഹിയ തുടങ്ങിയവർ കേക്ക് മിക്സിങ്ങിൽ പങ്കെടുത്തു.

കശുവണ്ടി, ഉണക്ക മുന്തിരി, ഈന്തപ്പഴം, കാൻഡിഡ്ചെറി, ജിഞ്ചർ പീൽ, ഓറഞ്ച് പീൽ, മിക്സഡ് പീൽ ഉൾപ്പെടെയുള്ളവ ചേർത്താണ് കേക്ക് മികസിങ്ങ് നടത്തിയത്. കേക്ക് മിക്സ് 60 ദിവസത്തോളം ഗുണമേന്മ നഷ്ടപ്പെടാതെ സൂക്ഷിച്ചതിന് ശേഷമാണ് കേക്ക് നിർമാണം ആരംഭിക്കുക. ലുലു മാളിലെ ജീവനക്കാരും ഉപഭോക്താക്കളും കേക്ക് മിക്സിങ്ങിൽ ഭാഗമായി.

അമ്പതിലധികം വ്യത്യസ്ഥയിനം കേക്കുകൾ കേക്ക് മിക്സിൽ നിന്നുണ്ടാകും. പ്ലം കേക്ക്, റിച്ച് പ്ലം കേക്ക്, ഷുഗർ ഫ്രീ പ്ലം കേക്ക്, എഗ്ലെസ് പ്ലം കേക്ക്, സ്ലൈസ്ഡ് പ്ലം കേക്ക് തുടങ്ങി രുചിയൂറുന്ന വൈവിധ്യമാർന്ന കേക്കുകളാണ് ഉപഭോക്താക്കളെ കാത്തിരിക്കുന്നത്. ഏറ്റവും മികച്ച രീതിയിൽ സൂക്ഷിച്ച് മികച്ച കേക്കിന്റെ യഥാർത്ഥ രുചിഭേദം ഉറപ്പാക്കുകയാണ് ലുലു.

ലുലു റീജിയണൽ ഡയറക്ടർ സാദിഖ് കാസിം, ലുലു ഇന്ത്യ ഹൈപ്പർമാർക്കറ്റ്സ് ജനറൽ മാനേജർ സുധീഷ് നായർ, ഇന്ത്യ മീഡിയ ഹെഡ് എൻ.ബി സ്വരാജ്, ലുലു ഹൈപ്പർമാർക്കറ്റ് സീനിയർ എക്സിക്യൂട്ടീവ് ഷെഫ് ജെ സുമഗലം, കൊച്ചി ലുലു ഹൈപ്പർമാർക്കറ്റ് ജനറൽ മാനേജർ ജോ പൈനേടത്ത് തുടങ്ങിയവർ കേക്ക് മിക്സിന് നേതൃത്വം നൽകി.ലിജോ ജോസ് പല്ലിശേരി അവതരിപ്പിക്കുന്ന 25 ന് റീലിസ് ചെയ്യുന്ന പല്ലോട്ടി സിനിമയുടെ താരങ്ങളും അണിയറ പ്രവർത്തകരും കേക്ക് മിക്സിങ്ങിൽപങ്കെടുത്തു.

# ഫിസിഷ്യൻസ്,ഹൃദ്രോഗ വിദഗ്ദ്ധ സംയുക്ത സമ്മേളനം നടന്നു

**കൊച്ചി:** വർദ്ധിച്ചുവരുന്ന ഹൃദ്രോഗങ്ങൾ (സിവിഡി) നിയന്ത്രിക്കുന്നതിനായി കാർഡിയോ വാസ്കുലർ റിസർച്ച് സൊസൈറ്റിയുടെ (സി.വി.ആർ.എസ്) നേതൃത്വത്തിൽ ഫിസിഷ്യൻസ് ഹൃദ്രോഗ വിദഗ്ദ്ധരുടെ സംസ്ഥാനത്തെ ആദ്യ

സംയുക്ത സമ്മേളനം കൊച്ചിയിൽ നടന്നു. ഹൃദയാഘാതം, ഹൃദയ പരാജയം (ഹാർട്ട് ഫെയില്യർ ), പക്ഷാഘാതം എന്നിവയുടെ പ്രതിരോധത്തിനായി ഹൃദ്രോഗ ചികിത്സയിലെ ഏറ്റവും പുതിയ മുന്നേറ്റങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ സംസ്ഥാനത്തുടനീളമുള്ള 500ലധികം ഫിസിഷ്യൻമാരും ഹൃദ്രോഗ വിദഗ്ധരും മാണ് സമ്മേളനത്തിൽ ഒത്തു ചേർന്നത്.




സമ്മേളനത്തിന്റെ ഉദ്ഘാടനം വൈദ്യുത മന്ത്രി കെ.കൃഷ്ണൻകുട്ടി നിർവ്വഹിച്ചു.വലിയൊരു വിഭാഗം ജനതയ്ക്ക് വിവിധ ഹൃദ്രോഗങ്ങളെക്കുറിച്ച് പരിമിതമായ അറിവേയുള്ളൂ. 'ഗ്രാമപ്രദേശങ്ങളിൽ, പരിശോധനകളും നേരത്തെയുള്ള കണ്ടെത്തലും പ്രോത്സാഹിപ്പിക്കണം. പൊതുജനാരോഗ്യ പ്രചരണ പരിപാടികൾ ഇക്കാര്യത്തിൽ അത്യന്താപേക്ഷിതമാണ്, മന്ത്രി പറഞ്ഞു.സി.വി.ആർ.എസ്. പ്രസിഡന്റ് ഡോ. പി.പി.മോഹനൻ, വൈസ് പ്രസിഡന്റുമാരായ ഡോ.ഗീവർ സക്കറിയ, ഡോ. വേണുഗോപാൽ കെ; സെക്രട്ടറി ഡോ.ജാബിർ എ, സയന്റിഫിക് കമ്മിറ്റി ചെയർമാൻ ഡോ. കരുണദാസ് സി.പി, ഡോ.പി.ബി. ജയഗോപാൽ; ഓർഗനൈസിങ് സെക്രട്ടറി ഡോ. അനിൽ ബാലചന്ദ്രൻ, ഡോ.ടി.പ്രസന്നകുമാർ, (എ.പി.ഐ), ഡോ.സിബു മാത്യു, ഡോ.ജിമ്മി ജോർജ് എന്നിവർ സംസാരിച്ചു.ഹൈപ്പർടെൻഷൻ, കൊറോണറി ആർട്ടറി ഡിസീസ്, ഹൃദയമിടിപ്പിലെ പ്രശ്നങ്ങൾ, സിവിഡി പ്രതിരോധ തന്ത്രങ്ങൾ എന്നിവയുൾപ്പെടെയുള്ള പ്രധാന വിഷയങ്ങളിൽ ശാസ്ത്ര സെഷനുകൾ നടന്നു.

# എച്ച്ഡിഎഫ്സി ക്രെഡിറ്റ് ലൈഫ് ഇൻഷൂറൻസ് പ്ലാനുകൾ അനുവദിക്കും




**കൊച്ചി:** പ്രമുഖ ഇൻഷൂറൻസ് കമ്പനികളിലൊന്നായ എച്ച്ഡിഎഫ്സി ലൈഫ്, സുന്ദരം ഫൈനാൻസുമായുള്ള സഹകരണം വ്യാപിപ്പിക്കുന്നു. ഇതിന്റെ ഭാഗമായി എച്ച്ഡിഎഫ്സി ലൈഫ്, സുന്ദരം ഫൈനാൻസ് ഉപഭോക്താക്കൾക്ക് വാണിജ്യാവശ്യങ്ങൾക്കായുള്ള വാഹനങ്ങൾ, കാറുകൾ, ട്രാക്ടറുകൾ തുടങ്ങിയവയ്ക്കായുള്ള വായ്പാ വിഭാഗത്തിൽ എച്ച്ഡിഎഫ്സി ലൈഫ് ഗ്രൂപ്പ് ക്രെഡിറ്റ് പ്രൊട്ടക്റ്റ് പ്ലസ് ഇൻഷൂറൻസ് പ്ലാനുകൾ അനുവദിക്കും.

എച്ച്ഡിഎഫ്സി ലൈഫ് പോളിസി 2024 സാമ്പത്തിക വർഷത്തിൽ 99.5 ശതമാനം ക്ലെയിമുകൾ തീർപ്പാക്കിയതായി എച്ച്ഡിഎഫ്സി ലൈഫ് മാനേജിംഗ് ഡയറക്ടറും സിഇഒയുമായ വിഭ പഡാൽക്കർ പറഞ്ഞു.സുന്ദരം ഫൈനാൻസുമായുള്ള സഹകരണത്തിൽ സന്തോഷമുണ്ടെന്നും ഈ സഹകരണം എച്ച്ഡിഎഫ്സി ലൈഫിന്റെ ലൈഫ് ഇൻഷുറൻസ് ഉൽപ്പന്നങ്ങളും എച്ച്ഡിഎഫ്സി ലൈഫ് ഗ്രൂപ്പ് ക്രെഡിറ്റ് പ്രൊട്ടക്റ്റ് പ്ലസ് ഇൻഷുറൻസ് പ്ലാനും കൂടുതൽ ഉപഭോക്താക്കൾക്ക് നൽകാൻ സുന്ദരം ഫൈനാൻസിന് അവസരം നൽകുമെന്നും അദ്ദേഹം പറഞ്ഞു.

എച്ച്ഡിഎഫ്സി ലൈഫുമായുള്ള ഈ സഹകരണം രാജ്യത്തുടനീളമുള്ള കുടുംബങ്ങൾക്ക് സുരക്ഷയും സമാധാനവും നൽകുന്ന ലൈഫ് ഇൻഷുറൻസ് വാഗ്ദാനം ചെയ്യുന്നതിലൂടെ ഈ ബന്ധം കൂടുതൽ ദൃഢമാക്കാൻ ഞങ്ങളെ സഹായിക്കുന്നതായി സുന്ദരം ഫിനാൻസ് മാനേജിങ് ഡയറക്ടർ രാജീവ് ലോചൻ പറഞ്ഞു,

# ശമ്പള സുരക്ഷ ഉറപ്പാക്കുന്ന ടേം ഇൻഷുറൻസ് പോളിസി അവതരിപ്പിച്ചു

**കൊച്ചി:** ആദിത്യ ബിർല സൺ ലൈഫ് ഇൻഷുറൻസും പോളിസിബസാറും കൈകോർത്ത് ശമ്പള സുരക്ഷ ഉറപ്പാക്കുന്ന പുതിയ ടേം ഇൻഷുറൻസ് പോളിസി അവതരിപ്പിച്ചു. പോളിസി ഉടമകൾക്ക് അവരുടെ അസാന്നിധ്യത്തിലും കുടുംബത്തിനായി പ്രതിമാസ വരുമാന ലഭ്യത ഉറപ്പാക്കാൻ സൗകര്യമൊരുക്കുന്നതാണ് ഈ ഇൻകം സുരക്ഷാ പ്ലാൻ. സാധാരണ ടേം ഇൻഷുറൻസിന്റെ മൂല്യം നൽകുന്നതോടൊപ്പം വരുമാന സുരക്ഷകൂടി ഇതുറപ്പാക്കുന്നു.

മാസ ശമ്പളക്കാരെ ലക്ഷ്യമിട്ടാണ് പുതിയ പോളിസി അവതരിപ്പിച്ചിരിക്കുന്നത്. ഉയർന്നു വരുന്ന ചെലവുകൾ മാസ ശമ്പളക്കാർക്ക് വലിയ വെല്ലുവിളിയാകുമ്പോൾ അവരുടെ ഭാവി സാമ്പത്തിക ആവശ്യങ്ങൾ മുന്നിൽ കണ്ടാണ് ഈ പ്ലാൻ തയാറാക്കിയിരിക്കുന്നതെന്ന് പിബി ഫിൻടെക്ക് ജോയിന്റ് ഗ്രൂപ്പ് സിഇഒ സർബവീർ സിങ് പറഞ്ഞു. അബ്സ്ലി ഇൻകം സുരക്ഷാ പ്ലാൻ രണ്ടു വിധത്തിൽ ലഭ്യമാണ്. ഒന്ന് ഫിക്സ്ഡ് ഇൻകം പ്രൊട്ടക്ഷൻ. ഇതു പ്രകാരം പോളിസി ഉടമയുടെ കാലശേഷം നോമിനിക്ക് നിശ്ചിത തുക പ്രതിമാസം ലഭ്യമാക്കുന്നു. രണ്ടാമത്തേത് ഇൻക്രീസിങ് ഇൻകം പ്രൊട്ടക്ഷനാണ്. ഇതു പ്രകാരം നോമിനിക്ക് പ്രതിമാസം വിലക്കയറ്റ നിരക്ക് കൂടി പരിഗണിച്ചുള്ള ഉയർന്ന തുക ലഭ്യമാക്കുന്നു. ഈ വരുമാനം ഓരോ വർഷവും വർധിക്കുമെന്ന സവിശേഷത കൂടിയുണ്ട്.

# ക്രോമയുടെ ഫെസ്റ്റിവൽ ഓഫ് ഡ്രീംസ് കാമ്പയിന് തുടക്കമായി

**കൊച്ചി:** ക്രോമയുടെ വാർഷിക ഫെസ്റ്റിവൽ ഓഫ് ഡ്രീംസ് കാമ്പയിന് തുടക്കമായി. രാജ്യത്തെമ്പാടുമായുള്ള 500ലധികം വരുന്ന ക്രോമ സ്റ്റോറുകളിലെ ഷോപ്പിംഗിലൂടെ ഉപഭോക്താക്കൾക്ക് 100 ടാറ്റ കാറുകൾ, 500 ഹീറോ ബൈക്കുകൾ, 5,000 ടൈറ്റൻ വാച്ചുകൾ എന്നിവ നേടാൻ ഫെസ്റ്റിവൽ ഓഫ് ഡ്രീംസ് അവസരമൊരുക്കുന്നു. എല്ലാ ക്രോമ സ്റ്റോറുകളിലും www.croma.com ലും നവംബർ മൂന്നു വരെ മികച്ച ഓഫറുകളും ലഭിക്കും.ഉപഭോക്താക്കൾക്ക് ടിവി, ഗൃഹോപകരണങ്ങൾ എന്നിവ വാങ്ങുമ്പോൾ പരിധിയില്ലാത്ത 10 ശതമാനം ക്യാഷ്ബാക്കും സ്മാർട്ട്ഫോണുകളിലും ലാപ്ടോപ്പുകളിലും പരിധിയില്ലാത്ത 5 ശതമാനം ക്യാഷ്ബാക്കും ലഭിക്കും.ഫെസ്റ്റിവൽ ഓഫ് ഡ്രീംസ് കാമ്പയിൻ ആരംഭിക്കുന്നതിലും അസാധാരണമായ കിഴിവുകൾക്കും ക്യാഷ്ബാക്കുകൾക്കുമൊപ്പം കാറുകൾ, ബൈക്കുകൾ, വാച്ചുകൾ എന്നിവ നേടാനുള്ള അവസരവും ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിൽ സന്തുഷ്ടരാണെന്ന് ക്രോമ ഇൻഫിനിറ്റിറീട്ടെയിൽ ലിമിറ്റഡിൻറെ ഡെപ്യൂട്ടി സിഇഒ ഷിബാഷിഷ് റോയ് പറഞ്ഞു.

# പ്രഥമ ഗ്ലോബൽ മലയാളി ഫെസ്റ്റിവൽ കൊച്ചിയിൽ

**മലയാളി രത്ന പുരസ്കാര ദാനം ഗ്ലോബൽ മലയാളി സൗന്ദര്യ മത്സരം കേരള വ്യവസായ നിക്ഷേപക മേള എന്നിവയാണ് മൂന്നുദിവസത്തെ സമ്മേളനത്തിൽ ഒരുക്കിയിട്ടുള്ളത്**

**കൊച്ചി:** നൂറിലധികം രാജ്യങ്ങളിൽ നിന്നുള്ള 1600ൽ പരം മലയാളികൾ പങ്കെടുക്കുന്ന ഗ്ലോബൽ മലയാളി ഫെസ്റ്റിവൽ 2025 ആഗസ്റ്റ് 14, 15, 16 തീയതികളിൽ കൊച്ചിയിൽ നടക്കും. ഒമ്പത് പ്രവർത്തനമേഖലകളിൽ നിന്നായി ഗ്ലോബൽ മലയാളി രത്ന പുരസ്കാര ദാനവും ഗ്ലോബൽ മലയാളി സൗന്ദര്യ മത്സരവും കേരള വ്യവസായ നിക്ഷേപക മേളയുമടക്കം ആകർഷകമായ കലാപരിപാടികളുമാണ് മൂന്നുദിവസത്തെ സമ്മേളനത്തിൽ ഒരുക്കിയിട്ടുള്ളത്.

ശാസ്ത്രം, സാങ്കേതികവിദ്യ, വൈദ്യശാസ്ത്രം, എൻജിനീയറിങ്, സാമ്പത്തിക ശാസ്ത്രം, കല, നാടകം, സാമൂഹ്യ സേവനം, രാഷ്ട്രീയ പ്രവർത്തനം എന്നീ മേഖലകളിലാണ് ഗ്ലോബൽ മലയാളി രത്ന പുരസ്കാരം നൽകുന്നത്. ഗ്ലോബൽ മലയാളി സൗന്ദര്യമത്സരത്തിൽ ഏത് രാജ്യത്ത് നിന്നുമുള്ള മലയാളി സുന്ദരികൾക്ക് പങ്കെടുക്കാവുന്നതാണ്. സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് സ്വാതന്ത്ര്യദിന പരേഡ്, കലാപരിപാടികൾ, വിവിധ മത്സരങ്ങൾ തുടങ്ങിയവയും സംഘടിപ്പിക്കും.

നൂറിലധികം രാജ്യങ്ങളിൽ നിന്നുള്ള മലയാളി സമൂഹത്തിൻറെ പരസ്പരമുള്ള കെട്ടുറപ്പ് വർദ്ധിപ്പിക്കാനും കേരളത്തിലെ, സാമൂഹ്യ സാമ്പത്തിക നിക്ഷേപകരംഗങ്ങളിൽ പ്രവാസിമലയാളികളുടെ സംഭാവന വർദ്ധിപ്പിക്കാനും ഉദ്ദേശിച്ചുകൊണ്ടാണ് ഗ്ലോബ മലയാളി ഫെസ്റ്റിവ നടത്തുന്നത്.

പുതുതലമുറ മലയാളികളെയാണ് ഈ ഫെസ്റ്റിവലിലേക്ക് സംഘാടകർ കാര്യമായി പ്രതീക്ഷിക്കുന്നത്.

പ്രതിനിധികളുടെ എണ്ണം നിജപ്പെടുത്തിയതിനാ ആദ്യം രജിസ്റ്റർ ചെയ്യുന്നവർക്കായിരിക്കും പരിപാടിയി പങ്കെടുക്കാൻ മുൻഗണന നൽ കുന്നത്.

ഗ്ലോബൽ മലയാളി ഫെസ്റ്റിവലിനോട് അനുബന്ധിച്ച് കേരള വ്യവസായ നിക്ഷേപക മേള, കൊച്ചിക്കായലി പ്രത്യേക വള്ളംകളി എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. സമ്മേളനത്തെ കുറിച്ച് കൂടുത അറിയാനും രജിസ്റ്റർ ചെയ്യാനുമായിwww.globalmalay-aleefestival.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക.



## ഐഡിമിത്സു ഹോണ്ട ഇന്ത്യ ടാലന്റ് കപ്പ്: അഞ്ചാം റൗണ്ടിലും മൊഹ്സിൻ പറമ്പന്റെ മുന്നേറ്റം

**കൊച്ചി:** ചെന്നൈയിലെ മദ്രാസ് ഇന്റർനാഷണൽ സർക്യൂട്ടിൽ നടക്കുന്ന 2024 ഐഡിമിത്സു ഹോണ്ട ഇന്ത്യ ടാലൻറ് കപ്പിന്റെ അഞ്ചാം റൗണ്ടിലും അപ്രമാദിത്യം തുടർന്ന് ഹോണ്ട റേസിങ് ഇന്ത്യയുടെ മലയാളി താരം മൊഹ്സിൻ പറമ്പൻ.

എൻഎസ്എഫ്250ആർ ഓപ്പൺ ക്ലാസിൽ ഹോണ്ട റേസിങ് ഇന്ത്യയുടെ യുവ റൈഡർമാരുടെ റേസിങ് വൈദഗ്ധ്യത്തിനാണ് അവസാന റൗണ്ടിലെ ആദ്യറേസ് സാക്ഷ്യം വഹിച്ചത്. ആറ് ലാപ്പ് റേസിൽ തന്ത്രപരമായ നീക്കങ്ങളിലൂടെ മുന്നേറിയ മൊഹ്സിൻ ശ്രദ്ധേയമായ വിജയം ഉറപ്പിക്കുകയായിരുന്നു. ഈ ജയത്തോടെ കിരീടത്തിനായുള്ള സ്ഥാനവും മൊഹ്സിൻ ഏറെക്കുറേ ഭദ്രമാക്കി. ആകെ 11:22.331 സമയത്തിലാണ് മലപ്പുറം സ്വദേശി റേസ് പൂർത്തിയാക്കിയത്, 1:51.977 ആയിരുന്നു മികച്ച ലാപ് സമയം.11:22.425 സമയത്തിൽ ഫിനിഷ് ചെയ്ത സിദ്ധേഷ് സാവന്ത് ശക്തമായ പ്രകടനത്തോടെ രണ്ടാം സ്ഥാനം നേടി. 1:51.980 ആയിരുന്നു സിദ്ധേഷിൻറെ മികച്ച ലാപ് സമയം. ആറ് ലാപ്പ് മത്സരത്തിലുടനീളം സ്ഥിരതയാർന്ന പ്രകടനം നടത്തിയ സാവിയോൻ സാബുവിനാണ് മൂന്നാം സ്ഥാനം. 11:22.568 ആകെ സമയത്തിലായിരുന്നു സാവിയോൻറെ ഫിനിഷിങ്. 1:51.671 എന്ന മികച്ച ലാപ് സമയവും താരം കുറിച്ചു.




## കെഎംഎ ലീഡർ ഇൻസൈറ്റ് പ്രഭാഷണം സംഘടിപ്പിച്ചു

**കൊച്ചി:** കേരള മാനേജ്മെൻറ് അസോസിയേഷൻ (കെഎംഎ) ലീഡർ ഇൻസൈറ്റ് പ്രഭാഷണ പരമ്പരയുടെ ഭാഗമായി വെൽനസ് ടൂറിസം: ലേറ്റസ്റ്റ് ഗ്ളോബൽ ട്രാവൽ ട്രെൻഡ്സ് എന്ന വിഷയത്തിൽ പ്രഭാഷണം സംഘടിപ്പിച്ചു. സിജിഎച്ച് എർത്ത് വെൽനസ് സിഇഒ സിദ്ധാർഥ് ഡൊമിനിക് പ്രഭാഷണം നടത്തി. വ്യത്യസ്തതയും സ്വകാര്യതയും ഇഷ്ടപ്പെടുന്നവരാണ് സഞ്ചാരികൾ. യാത്രാ സ്നേഹികളെ ആകർഷിക്കാൻ കാലാനുസൃതമായ മാർക്കറ്റിങ് തന്ത്രങ്ങൾ ആവശ്യമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. കേരളത്തിന് ലോക സഞ്ചാരികൾക്ക് മുന്നിൽ വെയ്ക്കാൻ നിരവധി സവിശേഷതകളുണ്ട്. ആയുർവേദത്തിന് ആഗോളതലത്തിൽ വലിയ സ്വീകാര്യതയാണുള്ളത്. വെൽനസ് ടൂറിസത്തിന് ഏറെ ഡിമാൻഡുണ്ട്. സുഖകരമായ യാത്രയ്ക്ക് കൂടി സൗകര്യമൊരുക്കണം.

സഞ്ചാരികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന അനാവശ്യ നിബന്ധനകളും നിയന്ത്രണങ്ങളും ടൂറിസത്തെ പിറകോട്ടടിക്കും.

ലോകോത്തര നിലവാരമുള്ള സേവനങ്ങൾ വിദേശ വിനോദ സഞ്ചാരികൾക്ക് ലഭ്യമാക്കണം. പ്രൊഫഷണൽ സമീപനം സ്വീകരിക്കുന്നവർക്ക് മാത്രമേ ഭാവിയിൽ വെൽനസ് ടൂറിസം രംഗത്ത് നിലനിൽപ്പുള്ളൂ. വെൽനസ് ടൂറിസത്തിനു ഏറ്റവും സാധ്യതയുള്ള പ്രദേശം കേരളമാണെന്നും സിദ്ധാർഥ് ഡൊമിനിക് പറഞ്ഞു.കെ എം എ പ്രസിഡൻറ് ബിബു പുന്നൂരാൻ, വൈസ് പ്രസിഡന്റ് അൾജിയേഴ്സ് ഖാലിദ്, കമ്മിറ്റിയംഗം ബൈജു മാണി പോൾ എന്നിവർ പ്രസംഗിച്ചു.

## വിനയ് കോർപ്പറേഷൻ ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** ഇരുചക്ര, മുച്ചക്ര, പാസഞ്ചർ വാഹനങ്ങൾക്കുള്ള ഓട്ടോമോട്ടീവ് ഘടക ഉൽപ്പന്നങ്ങളുടെ വിപുലമായ ശ്രേണിയുടെ രൂപകൽപ്പനയും നിർമ്മാണവും വിതരണവും കയറ്റുമതിയും നിർവഹിക്കുന്ന വിനയ് കോർപ്പറേഷൻ ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് അനുമതി തേടി സെബിയ്ക്ക് കരടുരേഖ സമർപ്പിച്ചു. 10 രൂപ വീതം മുഖവിലയുള്ള 150 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും നിലവിലുള്ള നിക്ഷേപകരുടെ 22,213,852 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും.ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ്, ആക്സിസ് ക്യാപിറ്റൽ ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

